# ജാമക്കാരൻ
# JAMAKKARAN

VOLUME - 4 Reg NO.TNBIL/2016/70171 ISSUE - 5

MAY - 2020 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333** **This No. is for SMS Purpose only**




ക്രിസ്തുവിൽ സ്നേഹമുള്ള വായനക്കാർക്ക്;

നിങ്ങൾക്കെല്ലാവർക്കും ക്രിസ്തുവിൽ സമാധാനം ഉണ്ടാകട്ടെ

**എന്റെ SMS നമ്പർ 9894261333**

എന്നോട് ഫോണിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നവർക്ക് എന്റെ **ഓഫീസ് മൊബൈൽ നമ്പർ 9894261333.** ഈ നമ്പറിൽ എസ്.എം.എസ്. ചെയ്യുകയോ അല്ലെങ്കിൽ മിസ്ഡ് കോൾ ചെയ്യുകയോ ചെയ്താൽ എനിക്ക് സമയം കിട്ടുമ്പോൾ ഞാൻ തന്നെ നിങ്ങളെ വിളിച്ച് സംസാരിച്ച് പ്രാർത്ഥനാ വിഷയങ്ങളെ ചോദിച്ച് അപ്പോൾ തന്നെ നിങ്ങൾക്ക് വേണ്ടി **പ്രാർത്ഥിക്കുന്നതാണ്. മറ്റു നമ്പറിൽ വിളിച്ചാൽ കിട്ടാൻ പ്രയാസമാണ്.** കഴിഞ്ഞ രണ്ട് മാസങ്ങളും ജാമക്കാരൻ മാസിക മാസത്തിന്റെ 1–ാം തീയതിക്ക് മുമ്പേ നിങ്ങളുടെ കൈകളിൽ കിട്ടി എന്നതിനെക്കുറിച്ച് പലരും അത്ഭുതപ്പെട്ട് വളരെ സന്തോഷത്തോടെ എന്റെ അടുത്ത് ചോദിച്ചു. മലേഷ്യ, സിംഗപ്പൂർ ശുശ്രൂഷയ്ക്കു പോകുന്നതിന് മുമ്പായി രണ്ട് മാസത്തിന് ആവശ്യമായ ജാമക്കാരൻ മാസികയ്ക്ക് വേണ്ടിയുള്ള വാർത്തകളെ തയ്യാറാക്കിയതിനുശേഷമാണ് ഞാൻ **മലേഷ്യ, സിംഗപ്പൂർ** യോഗങ്ങൾക്ക് പോയത്.

# MAY - 2020



കൊറോണ വൈറസ്



പാമ്പിന്റെ മലത്തിൽ നിന്നും തയ്യാറാക്കിയ വൈറസ്

ഈ ചിത്രത്തിൽ കാണുന്നതാണ് **കൊറോണ** എന്ന **ഭയങ്കര വൈറസ്** ഈ വൈറസ് **പാമ്പിന്റെ മലത്തിൽ നിന്നും** തയ്യാറാക്കപ്പെട്ടതാണ്. കണ്ണിനു കാണാൻ കഴിയാത്തതാണ് ഈ വൈറസ്. അതുകൊണ്ടാണ് കണ്ണിനു കാണാൻ കഴിയാത്ത മരണ ശത്രു എന്ന് ഇതിനെ വർണ്ണിക്കുന്നത്. അതിനായി ഉണ്ടാക്കിയിട്ടുള്ള പ്രത്യേകമായ ഉപകരണം കൊണ്ടു മാത്രമേ ഈ വൈറസ് രക്തത്തിൽ കലർന്നിട്ടുണ്ടോ എന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ആ പ്രത്യേക ഉപകരണം ഇന്ത്യയിലുള്ള എല്ലാ ജില്ലയിലും ഉണ്ടായിരുന്നില്ല. ഇപ്പോൾ എല്ലാ ആശുപത്രികളിലും ലഭ്യമാണ്.

- ചില വർഷങ്ങൾക്കു മുമ്പ് അമേരിക്കയുടെ ശത്രുവായിരുന്ന **ഇറാക്കിന്റെ അധിപൻ സദ്ദാംഹുസൈൻ വൈറസ് ആറ്റം ബോംബുകൾ** തയ്യാറാക്കി വെച്ചതായി പറഞ്ഞ് ലോകരാജ്യങ്ങളെ ഭീഷണിപ്പെടുത്തിയിരുന്നു. മനുഷ്യരെ മഹാരോഗങ്ങളാൽ കൊല്ലുന്ന വൈറസ് ആറ്റംബോംബ് തന്റെ പക്കൽ ഉണ്ട് എന്ന് പറഞ്ഞ് അമേരിക്കയെ ഭീതിപ്പെടുത്തി. അങ്ങനെ അദ്ദേഹം അറിയിച്ച് ചില ദിവസങ്ങൾക്കുള്ളിൽ അണുബോംബു കൃമികൾ ശരീരത്തിനുള്ളിൽ പ്രവേശിക്കാതിരിക്കാൻ **സംരക്ഷണ കവചങ്ങളെയും,** ഉടുപ്പുകളെയും അമേരിക്കൻ ജനങ്ങൾ തങ്ങളെ സംരക്ഷിക്കുവാൻ വേണ്ടി തയ്യാറാക്കിയിരുന്നു. അമേരിക്ക രാജ്യം മുഴുവനും ഈ വൈറസ് അണുബോംബിനെ ഓർത്ത് ഭയന്നുപോയി. അത്രയ്ക്ക് വലിയ അപകടകരമായതാണ് ഈ വൈറസ്.

സാധാരണ അണുബോബു പൊട്ടിയാൽ ആ രാജ്യത്തിന്റെ ചില ഭാഗങ്ങളിലുള്ള സ്ഥലങ്ങൾ മുഴുവനും നശിച്ചുപോകും. എന്നാൽ വൈറസ് അണുബോബ് കണ്ണിനു കാണാൻ കഴിയാത്ത കൃമികളായി എത്ര സ്ഥലങ്ങളിലും പരന്ന് മനുഷ്യരുടെ ശരീരം മുഴുവനും പടർന്ന് ജനങ്ങളെ കൊന്നുകളയുന്നു.

- **ചൈനയിൽ** ആദ്യമായി ആരംഭിച്ച ഈ **കൊറോണ വൈറസ്** കൃമി ചൈനയിൽ **വുഹാൻ** എന്ന സ്ഥലത്തുള്ള ലബോറട്ടറിയിലുള്ള ശാസ്ത്രഞ്ജൻമാരിൽ കടന്ന് വുഹാൻ നഗരത്തിൽ പ്രവേശിച്ച് അവിടെയുള്ള ജനങ്ങളെ കൂട്ടമായി കൊന്നുകളഞ്ഞു. ലോകത്തിന്റെ നാശത്തിന് വേണ്ടി ആ കൊറോണ വൈറസിനെ ഉണ്ടാക്കിയ ഡോക്ടർമാരിൽ ഒരാളെ അത് കൊന്നുകളഞ്ഞു എന്ന വാർത്ത വന്നിരുന്നു.
- വേറെ ചിലർ വുഹാൻ നഗരത്തിൽ **മീൻ, പാമ്പ്, കുരങ്ങ്, വവ്വാൽ** പോലുള്ള ജീവികളെ വെട്ടി വില്ക്കുന്ന **ഇറച്ചിക്കടയിലുണ്ടാ യിരുന്ന പഴയ ഇറച്ചിയിൽ നിന്ന്** ഈ വൈറസ് വന്നതായിരിക്കുമെന്ന് പറയുന്നു.
- **ഇറ്റലിയിലുള്ള** വലിയ ഫാക്ടറികൾ, ബാങ്കുകൾ ഇവയെല്ലാം ചൈനാ ദേശത്തിന്റെ വ്യാപാരികൾക്ക് സ്വന്തമായതാണ്. അതുകൊണ്ട് തങ്ങളുടെ കമ്പനികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും വന്ന ചൈനാ വ്യാപാരികളിൽ നിന്നുമാണ് **കൊറോണ വൈറസ്** ഇറ്റലിയിൽ അതിവേഗമായി പടർന്നത്. അതോടുകൂടെ ചൈനയിൽ നിന്നും ഇറ്റലിക്ക് വിമാനത്തിൽ വന്ന യാത്രക്കാർ മുഖാന്തിരം കൊറോണ വൈറസ് ഇറ്റലിയിലുള്ള ആയിരക്കണക്കിന് ജനങ്ങളുടെ ശരീരത്തിൽ പ്രവേശിച്ച് ഇറ്റലി ദേശത്തിലുള്ള ആയിരക്കണക്കിന് ജനങ്ങൾ മരിച്ചുപോയി. ചൈനയിലേയ്ക്ക് പോയി വന്ന വിനോദയാത്രക്കാർ ചൈനയിൽ എവിടെ എല്ലാം പോയോ അവിടെയുള്ള ജനങ്ങളുടെ കൈകുലുക്കി സ്നേഹം പങ്കുവച്ച് അതുമൂലമായും ആ വൈറസ് കൈകളിൽ ഒട്ടിപ്പിടിച്ച് അസുരവേഗത്തിൽ ലോകം മുഴുവനും പടരാൻ തുടങ്ങി. ഈ **വൈറസിനെ** നശിപ്പിക്കുന്ന പ്രതിരോധ മരുന്ന് കണ്ടുപിടിയ്ക്കാൻ കഴിയാത്തതിനാൽ ലോകത്തിലുള്ള മുക്കാൽ ഭാഗം ജനങ്ങളേയും മരണഭീതിയിലാഴ്ത്തിക്കളഞ്ഞു.

ഈ നാശത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതെങ്ങനെ എന്ന് ലോകരാഷ്ട്രങ്ങൾ പരിശ്രമിച്ചു നോക്കി. ആ വൈറസ് ഉൽപ്പത്തി ചെയ്ത **ചൈനയിൽ** തന്നെയാണ് മരണസംഖ്യ കൂടുതൽ. എന്നാൽ ആ വൈറസ് അധികമായി പകരാതിരിയ്ക്കാൻ ചൈന എടുത്ത നടപടി അത്ഭുതാവഹമായിരുന്നു. ആ നടപടി തന്നെയാണ് ലോകം മുഴുവനും

പിൻപറ്റിയത്. വുഹാൻ നഗരത്തെ ആദ്യം സീൽ വച്ചതിന് ശേഷം ഉള്ളിലിരുന്ന് പുറത്തേയ്ക്കോ, പുറത്ത് നിന്ന് ഉള്ളിലേയ്ക്കോ പോയി വരാത്തവണ്ണം അത് മുഴുവനായും അടച്ചിട്ടു. അതോടുകൂടെ ആരും ആരേയും തൊടാത്തവണ്ണം അണുനാശിനികൾ കൊണ്ട് കൈകാലുകൾ ഇടയ്ക്ക് ഇടയ്ക്ക് കഴുകി തങ്ങളെ സംരക്ഷിച്ചു. ഇപ്പോൾ ചൈനയിൽ കൊറോണയുടെ പകർച്ചയും കുറഞ്ഞു. മരണസംഖ്യയും കുറഞ്ഞു.

അതുപോലെ തന്നെ ചൈനയുടെ ഏറ്റവും അടുത്തുള്ള രാജ്യമായ റഷ്യ കൊറോണ പടരുന്ന വിവരം അറിഞ്ഞ ഉടനെ തന്നെ ചൈനയ്ക്കും റഷ്യയ്ക്കും ഇടയിലുള്ള നീണ്ട അതിർത്തി അടച്ചു. റഷ്യയിൽ പല സംസ്ഥാനങ്ങളിലും കൊറോണ വൈറസ് പടർന്നെങ്കിലും മരണസംഖ്യ കുറവാണ്. ഏറ്റവും കൂടുതൽ മരണസംഖ്യ ഇറ്റലിയിലാണ് സംഭവിച്ചത്. അവർ സുരക്ഷാ ഏർപ്പാടുകൾ വളരെ താമസിച്ച് ചെയ്തതുകൊണ്ട് മരണസംഖ്യ കൂടുതലായി.

- കൊറോണ വൈറസ് ഇംഗ്ലണ്ട് നാടിനെയും വെറുതെവിട്ടില്ല. **എലിസബത്ത് രാജ്ഞിയുടെ** കൊട്ടാരത്തിൽ കടന്ന് **ചാർലസ് രാജകുമാരനെ** പിടിച്ചു.
- യുവദമ്പതികളായ **കാനഡ** പ്രധാനമന്ത്രിയേയും, അദ്ദേഹത്തിന്റെ ഭാര്യയേയും ഈ കൊറോണ വൈറസ് പിടിച്ചു. പ്രധാനമന്ത്രിയുടെ ഭാര്യയെ **ഐ.സി.യു. വിൽ** പ്രവേശിപ്പിക്കുന്ന അളവിൽ ഈ രോഗം അവരെ ബാധിച്ചു.
- നമ്മുടെ ഇന്ത്യയിലും വളരെ താമസമായി നടപടി എടുത്തെങ്കിലും മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് മരണസംഖ്യ വളരെ കുറവാണ്. ഈ രോഗം ബാധിച്ചവരുടെ എണ്ണവും കുറവാണ്. ലോക്ക്ഡൗണും, 144 നിയമവും പാസാക്കി യുദ്ധകാലാടിസ്ഥാനത്തിൽ വളരെ ശ്രേഷ്ഠമായ രീതിയിൽ ക്രമീകരണം ചെയ്തു. ഒരു ഭാഗത്ത് ഈ ഏർപ്പാടുകൾ ശ്രേഷ്ഠമായിരുന്നാലും, നാട്ടിലുള്ള ദിവസക്കൂലിക്കാർ, തെരുവിൽ ജീവിക്കുന്നവർ, ചെറുകിട വ്യാപാരികൾ തുടങ്ങിയവരുടെ നില വളരെ ഗുരുതരമാണ്. റേഷൻ മൂലം ഗവൺമെന്റിന്റെ ദുരിതാശ്വാസം ലഭിച്ചവർ

ഒരളവിൽ കഴിഞ്ഞുവരുന്നു. എന്നാൽ വീടില്ലാത്തവർ, തെരുവിൽ വസിക്കുന്നവർ എല്ലാം ആഹാരമില്ലാതെ വലഞ്ഞു. പ്രത്യേകമായി ജോലിക്കുവേണ്ടി വന്ന അന്യസംസ്ഥാന തൊഴിലാളികളും, കമ്പനികളും, ഫാക്ടറികളും, കടകളും, ഹോട്ടലുകളും എല്ലാം അടച്ചിട്ടിരിക്കുന്നതുകൊണ്ട് അവർ വേലയില്ലാതെ കഷ്ടപ്പെടുകയാണ്. ജോലി നഷ്ടപ്പെട്ട ഇങ്ങനെയുള്ള പാവപ്പെട്ട ജനങ്ങൾക്ക് ഗവൺമെന്റ് എന്തു സഹായം ചെയ്യാൻ പോകുന്നു എന്ന് അറിയില്ല?

ഏകദേശം ഒരു മാസം ട്രെയിൻ, ബസ്സ്, ടാക്സി, ഓട്ടോ, വിമാനം ഒന്നും ഓടാതെ മുടക്കപ്പെട്ടതുകൊണ്ട് പലരുടേയും കുടുംബജീവിതം, വരുമാനം തുടങ്ങിയവ കുഴഞ്ഞു കിടക്കുന്നു. രാജ്യത്തിന്റെ സാമ്പത്തികവും മന്ദഗതിയിലായിരിക്കുന്നു. മെയ് മാസം 3–ാം തീയതിവരെ ഈ നില തുടർന്നു പോകുകയാണെങ്കിൽ പട്ടിണി മരണം, ആത്മഹത്യ തുടങ്ങിയവയുടെ എണ്ണം അധികമാകും. ഇപ്പോൾ തന്നെ അത് തുടങ്ങിക്കഴിഞ്ഞു. കൈയ്യിൽ പണം ഇല്ലാത്തതുകൊണ്ട് കൊല, പിടിച്ചുപറി, മോഷണം, വീട്ടിനുള്ളിൽ കടന്ന് കൊല ചെയ്ത് മോഷ്ടിക്കുന്ന ഭീകരമായ സംഭവങ്ങൾ അധികമാകും. മെയ് മാസം 3–ാം തീയതി ഗതാഗതം തുടങ്ങി ബാങ്ക്, കടകൾ എല്ലാം തുറന്ന് വീണ്ടും പ്രവർത്തിയ്ക്കാൻ തുടങ്ങിയാലും സാമ്പത്തിക വീഴ്ചയുടെ അനന്തരഫലം വളരെ ഭയങ്കരമായിരിക്കുമല്ലോ!

ഇത്ര ദിവസങ്ങൾ കമ്പനികൾ, ഫാക്ടറികൾ, കടകൾ അടച്ചിട്ടിരിക്കുന്നതിനാൽ ജോലി നഷ്ടപ്പെട്ട് ഏകദേശം ഒരു മാസക്കാലം പുറത്തുപോകാതെ വീട്ടിൽ ഇരിക്കുന്നവർക്ക് ആര് ശമ്പളം കൊടുക്കും? **ദിവസ കൂലിക്കാർക്ക്** തങ്ങളുടെ കൂലി നഷ്ടപ്പെട്ടു. ചെറിയ കടകൾ, തട്ടുകട വ്യാപാരം, ചെറിയ ജോലികൾ ചെയ്യുന്നവരുടെ നില വളരെ പരിതാപകരമാണ്. ഓരോ ദിവസവും കിട്ടുന്ന വരുമാനംകൊണ്ട് വീട്ടിലുള്ള കുടുംബം മുഴുവനും ഭക്ഷണം കഴിക്കുന്ന നിലയിൽ ഉള്ളവരെയാണ് **അന്നന്നു അന്നം കഴിക്കുന്നവരെന്ന് പറയുന്നത്.** അവരാണ് അധികം ബാധിക്കപ്പെടുന്നത്. വീട്ടിലുള്ള ചെറിയ ചെറിയ **പാത്രങ്ങളെ** വില്ക്കുകയോ അത് **പണയം വെയ്ക്കുകയോ** ചെയ്താൽ എത്ര കിട്ടും? വീട്ടിലുള്ള എല്ലാവരും ഒരുദിവസം കഴിയ്ക്കാം. അടുത്ത ദിവസത്തേയ്ക്ക് എന്തു ചെയ്യും.

അങ്ങനെയുള്ളവർ പണക്കാരുടെ വീട്ടിൽ പോയി യാചിക്കേണ്ട സ്ഥിതി വരും. നടുത്തര വിഭാഗത്തിലുള്ള ജനങ്ങൾ പണംതീർന്ന ശേഷം പണക്കാരുടെ വീട്ടിൽ പോയി യാചിയ്ക്കാൻ മനസുവരുമോ? കുടുംബമായി ആത്മഹത്യ തുടങ്ങിയ വാർത്തകൾ അധികമായി കേൾക്കേണ്ടി വരുമല്ലോ?

രണ്ടാം ലോക മഹായുദ്ധ സമയത്തിലും ഇങ്ങനെയുള്ള അവസ്ഥയുണ്ടായിരുന്നു. എന്നാൽ അന്നു ഭരിച്ച വെള്ളക്കാർ ആരെയും പട്ടിണികിടക്കാൻ അനുവദിച്ചില്ല. താല്ക്കാലിക റേഷൻ കടകൾ തുറന്നു. ബർമ്മയിൽ നിന്നും ചോളം, റാഗി, ഗോതമ്പ്, ഉഴുന്ന് പോലുള്ളവ കപ്പലിൽ കൊണ്ടുവന്ന് ജനങ്ങൾക്ക് വിനിയോഗിച്ചതായി എന്റെ മാതാപിതാക്കൾ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ചോളം, ഉഴുന്ന് തുടങ്ങിയവ കൊണ്ട് റൊട്ടിയുണ്ടാക്കി അമ്മ എനിക്ക് തന്നത് ഓർമ്മയുണ്ട്.

എന്നാൽ ഇപ്പോൾ തമിഴ്നാട്ടിൽ കൊടുക്കുന്ന അരി മുതൽ മണ്ണെണ്ണ വരെ എം.എൽ.എ., മന്ത്രിമാർക്കുകൂടെ പങ്കുപോകുന്നു. അതുകൊണ്ട് ഗവൺമെന്റ് ജനങ്ങൾക്ക് കൊടുക്കുന്ന എല്ലാ സാധാനങ്ങളുടെയും അളവ് കുറയുന്നു. ഇതാണ് ഇന്നത്തെ തമിഴ്നാട്ടിലെ ജനങ്ങളുടെ അവസ്ഥ.

ഇതിനെയാണ് വെളിപാടുപുസ്തകം 6:8 ൽ അന്ത്യകാല സംഭവത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. 4–ാമത്തെ ജീവി (കുതിര) യുടെ മേലിരിക്കുന്നവന്റെ പേർ മരണം എന്നതാണ്. അത് പാതാളം, പട്ടിണി, മരണം ആയവ ഉണ്ടാക്കി ലോകത്തിന്റെ നാലിലൊന്ന് ഭാഗം ജനങ്ങളെ നശിപ്പിക്കും എന്നു എഴുതിയിരിക്കുന്നു.

മൃഗ ഇനമായ **പാമ്പിന്റെ മലത്തിൽ** നിന്നും, **വവ്വാലിന്റെ മലത്തിൽ** നിന്നും **കൊറോണ വൈറസ്** തയ്യാറാക്കുന്നു. അത് കണ്ണുകൊണ്ട് കാണാൻ കഴിയില്ല. അത് ലോകം മഴുവനും പടർന്ന് മനുഷ്യരുടെ **ശ്വാസകോശത്തെ** ബാധിച്ച് മനുഷ്യനെ കൊന്നൊടുക്കുന്നു. അങ്ങനെയാണ് ചൈനയിലെ 1 കോടി മക്കളെ ബാധിച്ച് കൊന്നു കളഞ്ഞത്. അതോടുകൂടെ ലോകരാജ്യങ്ങൾ മുഴുവനും പടർന്ന് ലോകത്തിൽ മുക്കാൽ ഭാഗം ജനങ്ങളെ കൊന്നു കളഞ്ഞു.

ലോകരാജ്യങ്ങളെ കൊറോണ വൈറസ് തലകീഴായി മാറ്റിമറിച്ചു.

ഈ രോഗം സൗഖ്യമാക്കാനുള്ള മരുന്നും പ്രതിരോധ മരുന്നും ഇതുവരെ ഒരു രാജ്യത്തിനും കണ്ടുപിടിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലും ലോക്ക്ഡൗൺ പുറപ്പെടുവിച്ചിരിക്കുകയാണ്. അമേരിക്കയിൽ ഉറങ്ങാത്ത നഗരം എന്നു പേരു കേട്ട ന്യൂയോർക്ക് സിറ്റിയിൽ 42–ാമത്തെ സ്ട്രീറ്റ് വളരെ പ്രസിദ്ധിയാർജിച്ചതാണ്. അവിടെ റെയിൽവേ ജംഗ്ഷൻ, ബസ്, ബസ് സ്റ്റാന്റ്, മാർക്കറ്റ് പോലുള്ളതെല്ലാം ഈ 42–ാം സ്ട്രീറ്റിലാണുള്ളത്. ചില ആഴ്ചകളായി കാർ, ടാക്സി, ബസ്, തീവണ്ടി, വിമാനം ഒന്നും ഓടാതെ മനുഷ്യസഞ്ചാരം ഇല്ലാതെ കാണുന്നത് ഒരു ചരിത്രസംഭവം തന്നെയാണ്. അതുപോലെ **ഹോങ്കോംഗ്** നഗരവും ഒരു യുദ്ധം നടന്നു കഴിഞ്ഞതുപോലെ ഒരു ശ്മശാന മൂകതയോടെ കാണപ്പെടുന്നു.

ആർക്കും ഭയപ്പെടാത്ത ജനങ്ങൾ ദൈവത്തിനേയും ഭയപ്പെടാത്ത ജനങ്ങൾ കൊറോണ വൈറസ് നമ്മളേയും ആക്രമിക്കുമോ എന്ന മരണഭയത്തിൽ വീട്ടിൽ വാതിലടച്ച് ഉള്ളിൽ തന്നെ അടഞ്ഞുകിടക്കുന്നു. എന്നാൽ ലോക ജനങ്ങളെല്ലാം ഭയത്തിൽ ഉറഞ്ഞുപോയി കിടക്കുന്നു എന്നാണർത്ഥം. രക്ഷയുടെ അനുഭവം പ്രാപിച്ചു ദൈവകൃപയിൽ നിലനില്ക്കുന്ന ദൈവമക്കൾ മാത്രമാണ് ലോകരാജ്യങ്ങളിലെല്ലാം മരണഭയമില്ലാതെ ദൈവത്തെ പാടിസ്തുതിച്ചുകൊണ്ടിരിക്കുന്നത്. 91–ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ സുരക്ഷിതത്വം അവർക്കു മാത്രമേ അനുഭവപ്പെടുന്നുള്ളു. അതിൽ ഞാനും ഒരുവൻ എന്നു പറയുന്നതിൽ അഭിമാനിക്കുന്നു. ഇത് ദൈവം തന്ന ദാനം.

വചനം കേൾക്കാൻ കഴിയാത്തകാലം വരും എന്നു പ്രവാചകൻമൂലം വേദപുസ്തകം മുന്നറിയിപ്പ് കൊടുത്തതുപോലെ, ആ കാലം തുടങ്ങിക്കഴിഞ്ഞു. ഇപ്പോൾ ആ കാലഘട്ടത്തിന്റെ മുൻ അടയാളമായി കഴിഞ്ഞ ചില ആഴ്ചകളായി **സഭകൾ, പള്ളികൾ** എല്ലാം പൂട്ടപ്പെട്ടിരിക്കുന്നു. വിശ്വാസികൾ കൂടി ആരാധിയ്ക്കാൻ ഇന്ത്യ ഗവൺമെന്റ് മാത്രമല്ല ലോകരാജ്യങ്ങളുടെ ഭരണ അധികാരികളും അനുവാദം കൊടുക്കുന്നില്ല. കാരണം കൊറോണ വൈറസ് അടുത്തടുത്ത് നില്ക്കുന്നവരിൽ നിന്ന് പകരും എന്ന കാരണത്താലാണ്.

□ അതുകൊണ്ട് അവരവർ വീടുകളിൽ കുടുംബമായി ആരാധിക്കുന്നു. വേറെ മാർഗ്ഗമില്ലല്ലോ. ഇപ്പോഴാണ് ആദ്യനൂറ്റാണ്ടു സഭയുടെ കാലത്തിലേയ്ക്ക് നാം മടങ്ങി വന്നിട്ടുള്ളത്. വീടുകൾ തോറും ആരാധന ചെയ്തും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഇപ്പോൾ 2020–ാം വർഷം മാർച്ച് മാസം 29–ാം തീയതി തുടങ്ങി പല ആഴ്ചകളായി ഓരോ ഞായറാഴ്ചയും വീട്ടിൽ വച്ച് ആരാധന നടന്നുകൊണ്ടിരിക്കുന്നു. സഭയ്ക്ക് അല്ലെങ്കിൽ ആലയത്തിലേയ്ക്ക് ചെന്ന് എപ്പോൾ സ്വതന്ത്രമായി ആരാധിക്കാൻ സാധിക്കും എന്ന് ദാഹത്തോടെ വിശ്വാസികൾ ദൈവപാദപീഠത്തിൽ കൂടി കരഞ്ഞു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു.

ഇങ്ങനെയുള്ള ഒരു അവസ്ഥയെ ആരും സങ്കല്പത്തിൽ പോലും ചിന്തിച്ചിട്ടുണ്ടാവില്ല. എന്നാൽ നമ്മുടെ കാലത്തിൽ തന്നെ ആ സാഹചര്യം ഉണ്ടായല്ലോ!

രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ വിശ്വാസികളുടെ വീട്ടിലേയ്ക്ക് ദൈവദാസൻമാർക്ക് പോകാൻ കഴിയുന്നില്ല. വണ്ടിയോടിച്ചുപോകാനും പറ്റുന്നില്ല. റോഡിൽ സഞ്ചരിയ്ക്കാൻ കഴിയാതെ 144 നിയമം നിലവിലുള്ളതുകൊണ്ട് വീട്ടിൽ തന്നെ ഇരിക്കണമെന്ന് കർശന നിർദ്ദേശം നല്കിയിരിക്കുകയാണ്.

പല വിവാഹങ്ങൾ നിന്നുപോയി, മരിച്ചവരെ അടക്കം ചെയ്യാൻ അഞ്ചുപേരിൽ കൂടുതൽ പോകാൻ പാടില്ല. ഇത് ഇന്ത്യയിൽ പോലീസുകാർ പുറപ്പെടുവിച്ച കല്പനയാണ്. എന്നാൽ വിദേശരാജ്യങ്ങളിൽ 2 പേരിൽ കൂടുതൽ കല്ലറയിൽ നില്ക്കാൻ പാടില്ല. ഈ സാഹചര്യം എപ്പോൾ മാറുമെന്ന് ഒരു ശാസ്ത്രജ്ഞനെക്കൊണ്ടും, രാജ്യം ഭരിക്കുന്ന ഭരണാധികാരികളെക്കൊണ്ടും ഉറപ്പിച്ചു പറയാൻ കഴിയുന്നില്ല. അല്ലെങ്കിൽ തന്നെ ഒരു മാസം വീട്ടിൽ നിന്നും വെളിയിൽ വരാൻ കഴിഞ്ഞില്ല. ജനങ്ങൾ തനിച്ചിരിക്കണമെന്ന് ഗവൺമെന്റ് അഭ്യർത്ഥിക്കുന്നു. ഈ സാഹചര്യം ഇനിയും ഡിസംബർ മാസം വരെ നീണ്ടു പോകും എന്നു പറയപ്പെടുന്നു.

ജനങ്ങളുടെ മാനസിക നില, യൗവനക്കാരുടെ മാനസിക നില ഗുരുതരമായി മാറും. ടിവിയും, മൊബൈലും, സിനിമയും, സീരിയലും 24 മണിക്കൂറും കണ്ടുകൊണ്ടിരിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് ഭ്രാന്തു പിടിയ്ക്കാതെ കഴിഞ്ഞു പോകുന്നു.

## ബ്രിട്ടനിലും – അമേരിക്കയിലും ലോക്ഡൗൺ ഇനിയും നീണ്ടുപോകുമെന്ന് പറയപ്പെടുന്നു

ലോകജനങ്ങളുടെ അവസ്ഥ പടുമോശമായി പോയിക്കൊണ്ടിരിക്കുന്നു. ഇതിന് അവസാനം എപ്പോൾ? വേദപുസ്തകം എന്തുപറയുന്നു എന്ന് ജനങ്ങൾ ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. എത്ര രാജ്യങ്ങൾ എത്ര മരുന്നുകൾ കണ്ടുപിടിച്ചാലും ഈ കൊറോണ വൈറസ് പോകുന്ന ലക്ഷണമില്ല. കഴിഞ്ഞ ദിവസങ്ങളിൽ തുടർച്ചയായി വീട്ടിൽ അടഞ്ഞു കിടക്കുന്നവരുടെ പലരുടേയും കുടുംബത്തിൽ പുതിയ പ്രശ്നങ്ങൾ ഉടലെടുക്കാൻ തുടങ്ങിയിട്ടുള്ളതായി പറയപ്പെടുന്നു. ഭാര്യാഭർത്താവിന്റെ ഇടയിൽ പല പ്രശ്നങ്ങൾ ഉണ്ടായി. പട്ടാപ്പകൽ ഭർത്താവ് തന്റെ ഭാര്യയെ കൊന്ന സംഭവങ്ങൾ ന്യൂസ് പേപ്പറിൽ നാം വായിച്ചല്ലോ.

☐ **കേരളം :** മറ്റു കടകൾ അടച്ചിട്ടതുപോലെ **മദ്യഷാപ്പുകളും** അടച്ചിട്ടതിനാൽ മദ്യപാനത്തിന് **അടിമകളായിരുന്ന** പലരും പല ദിനങ്ങൾ മദ്യം കിട്ടാത്തതിനാൽ ആത്മഹത്യ ചെയ്തു. ആദ്യം അഞ്ചു പേർ ആത്മഹത്യ ചെയ്തു എന്ന വാർത്ത പുറത്തു വന്നു. ചിലർ മദ്യം കിട്ടാത്തതുകൊണ്ട് **കൈകൾ വിറച്ച്** പല രാത്രി ഉറക്കമില്ലാതെ ഭ്രാന്ത് പിടിച്ച നിലയിൽ റോഡിൽ കിടന്നുരുണ്ട് കാണിച്ച സംഭവം അവിടെ ഉള്ളവർക്ക് നടുക്കം ഉണ്ടാക്കി. സംഭവം അറിഞ്ഞ കേരള മുഖ്യമന്ത്രി മദ്യപാനത്തിന് അടിമയായവർ പെട്ടെന്ന് മദ്യപാനം നിർത്തിയാൽ അവർക്ക് വിറയൽ ഉണ്ടാകും മാനസിക നില തകരാറിലാകും. അതുകൊണ്ട് അങ്ങനെയുള്ളവർ ഡോക്ടർമാരുടെ അനുവാദത്തോടും സർട്ടിഫിക്കറ്റോടും കൂടെ മദ്യം വാങ്ങി കഴിയ്ക്കാം എന്ന് അറിയിപ്പു കൊടുത്തു. എന്നാൽ ഭൂരിപക്ഷം ഡോക്ടർമാർ അത് നല്ലതല്ല എന്നറിയിച്ചു.

☐ **തമിഴ്നാട്ടിൽ** മദ്യഷോപ്പ് അടച്ചതിനാൽ മദ്യപാനികൾ മദ്യത്തിന് പകരം കഞ്ചാവ്, പാൻപരാഗ് പോലുള്ള ലഹരി വസ്തുക്കളെ വലിയ തുകയ്ക്ക് വാങ്ങിക്കഴിക്കാൻ തുടങ്ങിയിരിക്കുന്നു.

ഈ ലോക്ക്ഡൗൺ നിയമം കുടുംബങ്ങളിൽ പല പുതിയ പുതിയ പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. പലർ മാനസിക രോഗികളായി മാറിക്കഴിഞ്ഞു. ഇനിയും എന്തൊക്കെ അനന്തരഫലങ്ങൾ ഉണ്ടാകുമെന്നറിയില്ല. ലോകരാജ്യങ്ങൾ കൂടെ ഈ ലോക്ഡൗൺ നിയമംമൂലം എന്തെല്ലാം ആപത്തുകൾ സംഭവിക്കുമോ എന്ന് വിറച്ചുകൊണ്ട് എന്തു ചെയ്യണമെന്നറിയാതെ നില്ക്കുന്നു. പൊതുവേ പറഞ്ഞാൽ തന്നെത്താനെ ചുറ്റിക്കൊണ്ടിരുന്ന ഭൂഗോളം പെട്ടെന്ന് നിന്നതുപോലെ തോന്നുന്നു. **ഇതിനെല്ലാം കാരണം എന്ത്?**

**ദൈവത്തിന്റെ കോപം** – ദൈവം വെറുക്കുന്ന പാപങ്ങളെ പ്രത്യേകിച്ച് **സ്വവർഗ്ഗഭോഗം** ഇതിനെ പല രാജ്യങ്ങളിൽ നിയമത്തിൽ വന്നു. ഫ്രാൻസിലെ ജനങ്ങൾ അതിനെ നിയമത്തിൽ കൊണ്ടു വരാൻ പാടില്ലെന്ന് പോരാടിയിരുന്നു. എന്നാൽ ഗവൺമെന്റ് ജനങ്ങൾ പറയുന്നത് കേൾക്കാൻ നില്ക്കാതെ സ്വവർഗ്ഗ ഭോഗത്തേയും സ്വവർഗ്ഗ വിവാഹത്തെയും നിയമമാക്കി. അമേരിക്ക, ആസ്ട്രേലിയ പോലുള്ള രാജ്യങ്ങളോടുകൂടെ ഈ കൊറോണ ബാധിച്ച സ്പെയിനും ചേർന്ന് മറ്റ് രാജ്യങ്ങളോടുകൂടെ അതേ **പാപത്തെ** നിയമമാക്കി. ഇന്ത്യയിലും ബി.ജെ.പി. ഭരണവും, സുപ്രീം കോടതിയും ചേർന്ന് ആ സ്വവർഗ്ഗവിവാഹത്തെ നിയമത്തിൽ കൊണ്ടുവന്നു. **സോദോം ഗൊമോറയ്ക്ക്** ഉണ്ടായ നാശം മേലേ പറഞ്ഞിട്ടുള്ള രാജ്യങ്ങൾക്കും പ്രത്യേകിച്ച് ഇന്ത്യാദേശത്തിനും നിശ്ചയമായും വരും. ഇതിന്റെ ഒരു ചെറിയ ഭാഗമായി ഏർപ്പെട്ട നാശമാണ് ഈ കൊറോണ വൈറസിന്റെ ആക്രമണം.

**ക്രിസ്തീയ ജനങ്ങൾക്ക്** പേരിന് മാത്രം **ക്രിസ്തു ഉണ്ട്** എന്നല്ലാതെ അവർ യഥാർത്ഥത്തിൽ ദൈവത്തെ അന്വേഷിക്കുന്നില്ല. **സഭയും ദൈവത്തെ അന്വേഷിക്കുന്നില്ല**. ചടങ്ങിന് മാത്രം ഒരു ആരാധന. **മാനസാന്തരപ്പെടാത്ത ക്രിസ്ത്യാനികൾ** പെരുകിയിരിക്കുന്നു. അവർ സഭക്ക് കൊടുക്കുന്ന സ്തോത്രക്കാഴ്ചകൾ വർദ്ധിച്ച് ഭൂരിപക്ഷ സഭകളും പണത്തിൽ കൊഴുത്തു പോയി കിടക്കുകയാണ്.

അതുപോലെ തന്നെ **സാക്ഷ്യമില്ലാത്ത ക്രിസ്ത്യാനി കളുടെ** എണ്ണവും വർദ്ധിച്ചിരിക്കുന്നു. **കുടുംബജീവിതത്തിൽ തൊഴിലിൽ, വിവാഹബന്ധത്തിൽ, വസ്ത്രത്തിൽ, ജോലി ചെയ്യുന്ന സ്ഥലത്ത്** അവർ സാക്ഷ്യമില്ലാതെ ജീവിക്കുന്നു. എന്തെന്നാൽ **സഭാപാസ്റ്റർമാർ, ബിഷപ്പുമാർ, മോഡറൈറ്റർമാർ** ഇവരെല്ലാം ദൈവവേല ചെയ്യുന്നു എന്ന പേരിൽ സാക്ഷ്യം നഷ്ടപ്പെടുത്തിയിരിക്കുന്നു.

**കൊറോണ വൈറസ് ആക്രമണം ഒരു വലിയ ജാഗ്രതാ നിർദ്ദേശമാണ്. ലോകം ഉണ്ടായ നാൾ മുതൽ പുതിയ നിയമസഭ തുടങ്ങുന്നതുവരെ** ദൈവം എന്റെ സ്വന്തജനം എന്ന് പറഞ്ഞിരുന്ന ഇസ്രയേൽ ജനങ്ങൾ **ദൈവത്തെ അന്വേഷിക്കാതെ** ഹൃദയകാഠിന്യം നിമിത്തം ദൈവത്തെ അലക്ഷ്യപ്പെടുത്തിയ ആ പഴയ നിയമകാല ജനങ്ങളെ **മഹാമാരി അയച്ച്** നിർദ്ദേശം നല്കി. ആ കാലത്ത് ആ മഹാമാരി **ഒരു പ്രത്യേക ദേശത്തെ മാത്രമേ** ആക്രമിച്ചിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ വന്നിരിക്കുന്ന **മഹാമാരിയായ കൊറോണ വൈറസ്** ഒരേ വേഗത്തോടെ **മുഴുവൻ ലോകത്തേയും** ആക്രമിച്ചിരിക്കുന്നതിനെപ്പറ്റി നാം ഇതുവരെ കേട്ടിട്ടുണ്ടോ? അല്ലെങ്കിൽ നമ്മുടെ പൂർവ്വപിതാക്കൻമാർ പറഞ്ഞിട്ടുള്ളത് കേട്ടിട്ടുണ്ടോ? അതുമല്ലെങ്കിൽ ലോകചരിത്രത്തിൽ എവിടെയെങ്കിലും നാം വായിച്ചിട്ടുണ്ടോ? എത്ര ഭയങ്കരമായ മഹാമാരിയാണിത്!

എത്രയോ ലക്ഷം ജനങ്ങൾ മരിച്ചുകഴിഞ്ഞു. ലോകത്തെ തന്നെ തലകീഴായി മറിച്ചിരിക്കുന്നു. എത്ര ഭയങ്കരം! വലിയ വലിയ ബിസിനസ്സ് മേധാവികൾ തൊഴിൽ നടത്താൻ കഴിയാതെ കമ്പനികൾ എല്ലാം അടച്ചുപൂട്ടി വലിയ വലിയ മില്ലുകൾ എല്ലാം അടഞ്ഞു കിടക്കുന്നു. ആയിരക്കണക്കിന് ജോലിക്കാർക്ക് ജോലി നഷ്ടപ്പെട്ടു. തൊഴിൽ സ്തംഭിച്ച് കയറ്റുമതി നിർത്തി വച്ചു. ബാങ്കിൽ നിന്നും വാങ്ങിയ പണത്തിന് പലിശ കെട്ടാൻ കഴിയുന്നില്ല. ചെറുകിട വ്യവസായികൾക്ക് ചെറിയ അളവിലുള്ള കടമേയുള്ളൂ. അതേസമയം വലിയ തൊഴിൽ മുതൽ മുടക്കി ചെയ്യുന്നവർക്ക് **കോടിക്കണക്കിന്** കടം കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്.

വലിയ തൊഴിൽ മേധാവിയായ അമേരിക്കൻ പ്രസിഡന്റ് ട്രംപിന് ഇന്ത്യയിലും മറ്റുള്ള രാജ്യങ്ങളിലും പല കമ്പനികൾ, അതുപോലെ സ്റ്റാർ ഹോട്ടലുകളും ഉണ്ട്. സമീപകാലത്ത് അമേരിക്കയിൽ തന്റെ സ്റ്റാർ ഹോട്ടലിൽ ജോലിചെയ്യുന്ന ആയിരക്കണക്കിന് ജോലിക്കാരെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു. വിമാനം ഇല്ലാത്തതുകൊണ്ട് വിദേശത്ത് നിന്നും വിനോദസഞ്ചാരികൾ വരാൻ കഴിയാതെ അദ്ദേഹത്തിന്റെ ഹോട്ടൽ റൂം എല്ലാം കാലിയായതുകൊണ്ട് വെറുതേ ജോലിക്കാർക്ക് പണം കൊടുക്കേണ്ടി വരുന്നതുകൊണ്ട് ജോലിയിൽ നിന്നും പിരിച്ചു വിട്ടു. അതുകൊണ്ട് അമേരിക്കൻ പ്രസിഡന്റിന് വലിയ നഷ്ടം ഏർപ്പെട്ടു. അതുപോലെ മറ്റു പണക്കാരും ഏഴകളായി മാറി എന്നറിയുമ്പോൾ മനപ്രയാസം തോന്നുന്നു.

- **വചനം കേൾക്കാൻ കഴിയാത്ത കാലം വരും എന്ന് ദൈവം മുന്നറിയിപ്പു നല്കിയിട്ടുണ്ടല്ലോ!**

ഇപ്പോൾ ആരാധന നടത്താൻ കഴിയാതെ പള്ളികൾ, സഭകൾ പൂട്ടിയിടേണ്ട അവസ്ഥ വന്നല്ലോ! 2020 ജനുവരി മാസം പുതുവർഷ വാഗ്ദത്തം ദൈവം എനിക്ക് കാണിച്ചു തന്നു എന്ന് പറഞ്ഞ് **തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു** എന്നു പറഞ്ഞ വാഗ്ദത്തം ഇപ്പോൾ എവിടെ. **ഇന്ന് ആലയങ്ങളുടെ വാതിലെല്ലാം പൂട്ടിക്കിടക്കുകയാണല്ലോ.** വീടുവിട്ട് പുറത്തു പോകാതെ അടഞ്ഞു കിടക്കുകയാണല്ലോ! തുറന്ന വാതിലിൽ എങ്ങനെ പ്രവേശിക്കും.

വഞ്ചനയായ പ്രവചന വാഗ്ദത്തം അല്ലേ ഇനി ജോത്സ്യക്കാരൻ പറയുന്നതുപോലുള്ള ഇങ്ങനെയുള്ള ശുശ്രൂഷകൻമാർ പറയുന്ന വാഗ്ദത്തങ്ങളെ നിങ്ങൾ വിശ്വസിക്കേണ്ട ആവശ്യമില്ല. വേദവചനത്തെ മാത്രം വിശ്വസിക്കുക. ഇപ്പോൾ നവീന ഉപകരണങ്ങളെ വച്ച് കമ്പ്യൂട്ടർ, വാട്ട്സ്ആപ്പ് എന്നിവയെ നോക്കി സിനിമയിൽ കാണുന്നതുപോലെ ആരാധന നടത്തുന്നു. അങ്ങനെ ആരാധിക്കുന്നത് ആരാധനയാകുമോ? പല കുടുംബങ്ങൾ ഒന്നിച്ചുകൂടി ജാതി വ്യത്യാസമില്ലാതെ നീ ഏതു നാട്ടുകാരൻ, ഞാൻ ഏതു

നാട്ടുകാരൻ എന്നു ചോദിയ്ക്കാതെ ഒരു അമ്മ പെറ്റ മക്കളെപ്പോലെ യേശുവിൻ രക്തത്താൽ കഴുകപ്പെട്ട മക്കൾ എല്ലാവരും ഒന്നിച്ചുകൂടി ഒരേ ദൈവത്തെ ആരാധിയ്ക്കുമ്പോൾ കിട്ടുന്ന ദൈവസാന്നിധ്യം, മനസമാധാനം അത്രയും നമുക്ക് ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്! ആരാണ് കാരണം ക്രിസ്ത്യാനികളും  ക്രിസ്തീയ തലവൻമാരും, ശുശ്രൂഷകൻമാരും ആണ് കാരണം. ആദ്യം ഇവർ ശരിയായ മാനസാന്തര അനുഭവത്തിൽ വന്നതിന് ശേഷം പ്രാർത്ഥന കഴിക്കണം.

കഴിഞ്ഞ ദിവസങ്ങളിൽ പല സഭകളിൽ ആരാധനയാണോ നടത്തിയത്? ആരാധനയിൽ എന്തൊരു ഡാൻസ്, എന്തൊരു തുള്ളൽ! **സ്തുതി ആരാധന** എന്ന പേരിൽ **പെന്തക്കോസ്തു സഭകൾ** ആരാധിച്ചതുകണ്ട് അത് അങ്ങനെതന്നെ CSI, മെതഡിസ്റ്റ്, കത്തോലിക്ക തുടങ്ങിയ എല്ലാവരും അതേപോലെ **കോപ്പി അടിയ്ക്കാൻ** തുടങ്ങി. ദൈവവചന പ്രസംഗത്തിന് 10 നിമിഷം മാത്രം മതി എന്നത് ശീലമാക്കി.

ദൈവത്തെ സ്തുതിക്കുന്നത് ആരാധനയുടെ ഒരു **മുഖ്യഭാഗമാണ്**. എന്നാൽ ഇപ്പോൾ **സ്തുതി ആരാധന** എന്നത് അതിരുകടന്നു പോയിരിക്കുന്നു. അത് പാസ്റ്റർമാരെ കൊണ്ടോ, അച്ചൻമാരെ കൊണ്ടോ  നിയന്ത്രിക്കാൻ കഴിയുന്നില്ല. അന്യഭാഷാ എന്ന പേരിൽ വായ് കുഴഞ്ഞ് ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്നു. ഭൂരിപക്ഷ വിശ്വാസികൾ അങ്ങനെയുള്ള ശബ്ദത്തെ ഇഷ്ടപ്പെടുന്നു എന്നാണ് അച്ചൻമാർ മറുപടി പറയുന്നത്.

□ എന്റെ ഭാഗ്യം ഞാൻ **ഇന്ത്യയിൽ** സംസാരിച്ചാലും, **വിദേശത്ത്** പ്രസംഗത്തിന് വേണ്ടി എന്നെ ക്ഷണിച്ചാലും, എന്നെ ക്ഷണിക്കുന്ന സഭാകമ്മറ്റി, അച്ചൻമാർ, ബിഷപ്പുമാർ, എന്റെ പ്രസംഗത്തെ മാത്രം കേൾക്കാനാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് അവർ സാധാരണയായി പാടുന്ന പാട്ടുകളുടെ എണ്ണത്തെക്കുറച്ച്, സാധാരണ വായിക്കുന്ന **വേദഭാഗങ്ങളെ** ഒന്നാക്കി **ആരാധനാ ക്രമത്തെ** ചുരുക്കി രാവിലത്തെ

ആരാധനയിലും കൂടെ എന്റെ **പ്രസംഗത്തിന്** അധികസമയം കൊടുക്കുന്നു. **വേദവചനത്തെ രുചിച്ചറിഞ്ഞവർ** അതിന്റെ **വ്യാഖ്യാനത്തെ അറിയാൻ ആഗ്രമുള്ളവർ** ആയതുകൊണ്ട് അങ്ങനെയുള്ള നല്ല ഏർപ്പാടുകൾ ആരാധനയിൽ ചെയ്തു. **വൈകുന്നേരമുള്ള** കൺവൻഷനുകളിൽ ഞാൻ പ്രസംഗിക്കാൻ എഴുന്നേൽക്കുമ്പോൾ **''ഡോക്ടർ പ്രസംഗിക്കാൻ എത്രസമയം വേണമെങ്കിലും എടുത്തോളൂ''** എന്ന് എന്റെ ചെവിയിൽ അച്ചൻമാർ പറയുമ്പോൾ ഞാൻ എന്റെ ദൈവത്തെ സ്തുതിച്ചു.

ഇപ്പോഴുള്ള ആരാധനയിലും കൺവൻഷൻ യോഗങ്ങളിലും ഗാനശുശ്രൂഷാ നേരത്ത് **ഡ്രമ്മിന്റെ ശബ്ദവും, വാദ്യോപകരണങ്ങളുടെ ശബ്ദവും** ചെവിക്കല്ല് പൊട്ടിക്കുന്നു. അതുകൊണ്ട് പാട്ടിന്റെ അർത്ഥവും, പാട്ടിന്റെ വാക്കുകളും ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ട് ജനങ്ങളുടെ ഹൃദയത്തെ സ്പർശിയ്ക്കാൻ കഴിയുന്നില്ല. ദൈവവും അതുമൂലം മഹത്വപ്പെടുന്നില്ല.

വചനം പറയുന്നതുപോലെ ഇന്നുള്ള സഭകളിൽ **ജനങ്ങളുടെ വായ് ദൈവത്തെ സ്തുതിക്കുന്നു. പക്ഷെ അവരുടെ ഹൃദയമോ എന്നെ വിട്ട് അകന്നു പോയി** എന്ന് ദൈവം ദുഃഖിക്കുന്നു എന്നു വായിക്കുന്നു.

## കൊറോണാ വൈറസിന്റെ ക്രൂരമായ ആക്രമണത്തിൽ നിന്ന് എപ്പോൾ വിടുതൽ കിട്ടും!

എനിയ്ക്കറിയില്ല! ആ വൈറസ് ആരെയെല്ലാം കൊല്ലണമോ അവരെയെല്ലാം കൊതിതീരെ കൊന്ന് കൂട്ടി അതു തന്നേ നശിച്ചു പോകുന്നതു വരെ അത് വിട്ടുപോകും എന്നു തോന്നുന്നില്ല.

## പകരം വേറൊരു വഴിയുണ്ട്!

ഇപ്പോഴുള്ള സംഹാരത്തിന് **മരുന്നു കണ്ടുപിടിച്ചിട്ടില്ല**. **പ്രതിരോധ മരുന്നും കണ്ടു പിടിച്ചിട്ടില്ല**. ലോകരാജ്യങ്ങളിലുള്ള **ശാസ്ത്രജ്ഞൻമാരുടെ പരിശ്രമങ്ങളെല്ലാം** വ്യർത്ഥമായിപ്പോയി രിക്കുന്നു.

ഒറ്റ വഴിയേയുള്ളൂ! ആകാശത്തേയും ഭൂമിയേയും ഉണ്ടാക്കിയവനായ യേശുക്രിസ്തുവിനെ നോക്കി ലോകത്തിലുള്ള സകല ജനങ്ങളും കൈകൂപ്പി പ്രാർത്ഥിക്കുമ്പോൾ **ദൈവം തീർച്ചയായും മനസലിയും**. അവൻ മനസലിയുന്ന മഹാദൈവമാകുന്നു.

എന്റെ ജനം തങ്ങളെ താഴ്ത്തി പ്രാർത്ഥിച്ച് ഉപവസിച്ച് എന്നെ വിളിച്ചപേക്ഷിക്കുമ്പോഴും (2 ദിന. 7 : 14), ഇടിവിൽ നില്ക്കുമ്പോഴും ദൈവം അത് കണ്ട് ദേശത്തെ നശിപ്പിയ്ക്കാതവണ്ണം രക്ഷിയ്ക്കും (യെഹസ്ക്കേൽ 22 : 30).

- ☐ സൈന്യത്താലുമല്ല, ശക്തിയാലുമല്ല എന്റെ ആത്മാവിനാലാകും എന്ന് ദൈവം പറയുന്നു (സെഖ. 4 : 6).

## ആരുടെ പ്രാർത്ഥനയാണ് ദൈവം കേൾക്കുന്നത്

ഏത് പ്രാർത്ഥന ദൈവം കേൾക്കും, ആരുടെ പ്രാർത്ഥന **ദൈവം സ്വീകരിക്കും.** ഇന്ന് എവിടെ നോക്കിയാലും **കൊറോണയ്ക്കുള്ള ഉപവാസ പ്രാർത്ഥന നടന്നു കൊണ്ടിരിക്കുന്നു. എല്ലാവരും വരുവിൻ** പ്രാർത്ഥനയിൽ പങ്കെടുപ്പിൻ എന്ന് കല്യാണത്തിന് ക്ഷണിക്കുന്നതുപോലെ പരസ്യം ചെയ്യുന്നു. ആ **ഉപവാസ പ്രാർത്ഥന യോഗങ്ങളിൽ പങ്കെടുക്കുന്ന ശുശ്രൂഷകൻമാരുടെ** പേർ പട്ടികയുടെ നീളം വലിയതായിരിക്കും.

ആ പ്രാർത്ഥനാ യോഗങ്ങൾക്ക് വരുന്ന ജനങ്ങളുടെ എണ്ണവും അധികമായിരിക്കും. **സ്റ്റേജിൽ വച്ച് ഓരോ ശുശ്രൂഷകൻമാരും കരഞ്ഞ് ഉച്ചത്തിൽ പ്രാർത്ഥിക്കുന്നത്** ടി.വി. സ്ക്രീനിൽ കാണിക്കും. അത് കാണുന്ന **ജനങ്ങളും കരഞ്ഞു പ്രാർത്ഥിക്കുന്നത്** ടിവിയിലും, വീഡിയോയിലും, യു ട്യൂബിലും അവർ കാണിക്കുന്നു.

ഇങ്ങനെയുള്ള **പരസ്യപ്രാർത്ഥന** ദൈവം കേട്ടിരിക്കും എന്ന് ചിന്തിക്കുന്നുണ്ടോ? തീർച്ചയായും കേൾക്കില്ല. ആ പ്രാർത്ഥന മേൽക്കൂര കൂടി കടന്നു പോകില്ല. കുറ്റം കണ്ടു പിടിക്കുന്ന ബുദ്ധി നിങ്ങളെ വിട്ടു പോകില്ലേ എന്ന് പലരും എന്നെ ശാസിയ്ക്കാറുണ്ട്. ഇത്രപേർ കൂടി പ്രാർത്ഥിക്കുന്നതിൽ **ഒരാളുടെ** പ്രാർത്ഥനയെങ്കിലും ദൈവം കേൾക്കാതിരിക്കുമോ? എന്നു പലരും ചോദിയ്ക്കാറുണ്ട്. ആ പ്രാർത്ഥിച്ച ഒരാൾ യഥാർത്ഥ്തതിൽ ആത്മഭാരമുള്ള ആളായിരുന്നെങ്കിൽ ആ ഉപവാസ പ്രാർത്ഥനയ്ക്ക് പോയിട്ടുണ്ടാവില്ല!

ഒരു ഉപവാസ പ്രാർത്ഥനായോഗം നടത്താൻ 60 ലക്ഷം, 70 ലക്ഷം എന്ന് പണം ശേഖരിച്ച് **കൂറ്റൻ സ്റ്റേജ്** ഉണ്ടാക്കി അവിടെ വരുന്ന എല്ലാ ജനങ്ങളും കേൾക്കത്തക്കവണ്ണം **വലിയ, വലിയ സ്പീക്കർ എല്ലായിടത്തും** വച്ച് മ്യൂസിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നവർക്കും പാട്ടു പാടാൻ വരുന്നവർക്കും, **വലിയൊരു തുക കൊടുത്ത്** ഇങ്ങനെയുള്ള ക്രമീകരണങ്ങൾ ചെയ്ത് നടത്തുന്ന ഉപവാസ പ്രാർത്ഥനകൾ കേൾക്കപ്പെടുമോ?

- ☐ ഇരുളിനും വെളിച്ചത്തിനും ബന്ധമെന്ത്? **മറിയയോടും, അന്തോണിയാസിനോടും പ്രാർത്ഥിക്കുന്ന ബിഷപ്പുമാരെയും** അവരുടെ സഭാജനങ്ങളേയും വിളിച്ച് **മാനസാന്തരപ്പെടാത്തതും രക്ഷിയ്ക്കപ്പെടാത്തതുമായ** ജനങ്ങളെ കൂട്ടിച്ചേർത്ത് പ്രാർത്ഥനായോഗം നടത്തിയിട്ട് എന്ത് പ്രയോജനം.

  മാനസാന്തരപ്പെടാത്ത ബിഷപ്പുമാരേയും, **ഭാര്യയെ** തുരത്തി വിട്ട പ്രശസ്ത ശുശ്രൂഷകനേയും വച്ച് ആ യോഗത്തിൽ പ്രാർത്ഥിപ്പിച്ചാൽ ആ പ്രാർത്ഥന ദൈവം കേൾക്കുമോ? ഈ യോഗങ്ങൾക്കിടയിൽ **പെന്തക്കോസ്തു** പാസ്റ്റർമാർ, ശുശ്രൂഷകൻമാർ അവരുടെ സഭാജനങ്ങൾ എല്ലാവരും **വ്യാജമായ അന്യഭാഷയിൽ** സംസാരിച്ചു പ്രാർത്ഥിക്കുന്ന പ്രാർത്ഥന ശക്തിയുള്ള പ്രാർത്ഥനയായിരിക്കുമോ?

  അതുകൊണ്ടാണ് ഇന്ത്യയിലുള്ള എല്ലാ സംസ്ഥാനങ്ങ ളിലും ഇപ്പോൾ മുസ്ലീമുകൾക്ക് ഉത്കണ്ഠയും, പേടിയും, വേദനയും അധികമായിരിക്കുന്നത്. ഉദാ. വെസ്റ്റ് ബംഗ്ലാളിൽ ബംഗാളഭാഷ.

- ☐ ലോകരാഷ്ട്രങ്ങളുടെ തലവൻമാരെ **ഈ കൊറോണാ ഭയത്തിൽ** ഉറഞ്ഞുപോയി കടക്കുന്നു. ഈ സ്ഥിതിയിൽ **പ്രാർത്ഥനയിൽ കരയുന്നതുപോലെ** കാണിച്ച് തങ്ങളെ തന്നെ പരസ്യപ്പെടുത്തുന്ന ശുശ്രൂഷകൻമാർ വർദ്ധിച്ചു വരുന്നു.

മാനസാന്തരപ്പെട്ട് രക്ഷ പ്രാപിച്ച വിശ്വാസികൾ മാത്രമേ ഈ പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കാൻ പാടുള്ളൂ മറ്റുള്ളവർ നിർബന്ധമായും വരേണ്ടന്നും എപ്പോൾ ഇവർ അറിയിപ്പ് കൊടുക്കുന്നുവോ അപ്പോൾ ആ

പ്രാർത്ഥനായോഗത്തിൽ പ്രാർത്ഥിക്കുമ്പോൾ വ്യാജമായ കരച്ചിലിന്റെ ശബ്ദവും കേൾക്കില്ല കരയുന്നതുപോലുള്ള കാപട്യം ഉണ്ടാവില്ല.

**കുറിപ്പ് :** ഞാനും 1968 മുതൽ ഇന്ത്യയുടെ ഓരോ ജില്ലയിലുള്ള തലസ്ഥാനത്ത് വച്ച് **കന്യാകുമാരി മുതൽ കാശ്മീർ വരെ** ഉപവാസ യോഗങ്ങൾ നടത്തിയിട്ടുണ്ട്. എന്റെ വായനക്കാരേയും വിളിച്ച് വർഷത്തിൽ രണ്ട് അല്ലെങ്കിൽ മൂന്നുപ്രാവശ്യം ഉപവാസ പ്രാർത്ഥനകൾ നടത്തിയിട്ടുണ്ട്. സഭകളിൽ ലഘുലേഖകൾ മൂലമായും, എന്റെ **മാസികയായ ജാമക്കാരൻ** മൂലമായും, **ഉപവാസ യോഗങ്ങളെപ്പറ്റി പരസ്യം ചെയ്ത് അറിയിക്കും.** അതിൽ **മാനസാന്തരപ്പെട്ട് രക്ഷിപ്പിന്റെ അനുഭവമില്ലാത്തവർ ഈ യോഗങ്ങൾക്ക് വരേണ്ട,** രോഗികളെ, **കൈക്കുഞ്ഞുങ്ങളെ കൂട്ടിക്കൊണ്ടു വരാൻ പാടില്ല, ഇത് രോഗശാന്തി നല്കുന്ന യോഗമല്ല എന്നും അറിയിച്ച് പ്രത്യേകമായി ഈ യോഗങ്ങളിൽ സ്തോത്രക്കാഴ്ച എടുക്കപ്പെടുന്നതല്ല എന്നും വലിയ** അക്ഷരത്തിൽ എഴുതി അറിയിക്കും. ഇങ്ങനെയുള്ള ഉപവാസ പ്രാർത്ഥനാ യോഗങ്ങളെ ഞാൻ വിദേശ രാജ്യങ്ങളിലും നടത്തിയിട്ടുണ്ട്. അതിന് വലിയ സ്വീകരണം എനിയ്ക്ക് ലഭിച്ചിട്ടുണ്ട്.

വായനക്കാർ ഈ കൊറോണയുടെ ആക്രമണത്തേയും, അപകടത്തേയും മനസിലാക്കി രക്ഷിയ്ക്കപ്പെട്ട വിശ്വാസികളായി വീടുകളിൽ കൂടി ഒറ്റപ്പെട്ട മുറിക്കുള്ളിൽ അല്ലെങ്കിൽ വെളിയിൽ മരച്ചുവട്ടിൽ ഇരുന്നു കണ്ണീരോടെ പ്രാർത്ഥിക്കണം.

കൂലിപ്പണിക്കുപോകുന്നവരുടെ സ്ഥിതിയേയും കൊറോണ ബാധിച്ച് ജയിലിൽ അടയ്ക്കപ്പെട്ടവരെപ്പോലെ ആരും തൊടാതെ ഏകരായി രോഗക്കിടക്കയിലായിരിക്കുന്നവരേയും ഓർത്ത് പ്രാർത്ഥിക്കുക. നിങ്ങളെപ്പോലെ ഞാനും എന്റെ കുടുംബവും പുറത്ത് **പോകാൻ കഴിയാതെ** ജയിൽ തടവുകാരനെപ്പോലെ വീട്ടിൽ അടഞ്ഞു കിടന്നിരുന്നു. ആരെങ്കിലും ഞങ്ങളെ കാണാൻ വന്നാൽ ഗെയ്റ്റിനു പുറത്ത് നിർത്തിവച്ച് സംസാരിച്ച് അയച്ച **ദുഃഖകരമായ സംഭവം** ഞങ്ങൾക്കുണ്ടായി.

- ☐ ഒരുദിവസം കൂടി നില്ക്കാതെ ശുശ്രൂഷയിൽ ഓരോ ആഴ്ചയും **ഓടിക്കൊണ്ടിരിക്കുന്ന എനിയ്ക്ക്** ഈ ദിവസങ്ങൾ **എന്നെ ഞാൻ തന്നെ പരിശോധിച്ചു നോക്കുവാനും** വേദവചനത്തെ ധ്യാനിക്കുവാനും എനിയ്ക്ക് വളരെ പ്രയോജനമായിരുന്നു.
- ☐ ഈ ഞെരുക്കമായ സാഹചര്യത്തിൽ എന്റെ സ്നേഹമുള്ള വായനക്കാർ ബാങ്ക് വഴിയായും, MO വഴിയായും നിങ്ങൾ എനിയ്ക്ക് അയച്ചു തന്ന സ്തോത്രക്കാഴ്ചകളെക്കുറിച്ച് നിങ്ങളുടെ ഇമെയിൽ മൂലമായി ഞാൻ അറിഞ്ഞു. എന്നാൽ ബാങ്കിൽ ചെന്ന് പരിശോധിയ്ക്കാൻ കഴിഞ്ഞില്ല. ശുശ്രൂഷയിൽ എന്നെ സഹായിച്ച എല്ലാവർക്കും നന്ദി.

## നന്ദി!

ഈ പ്രത്യേക ദിവസങ്ങളിൽ **തമിഴ്നാട്ടിൽ** നിന്നും **കേരളം** പോലെയുള്ള അന്യസംസ്ഥാനത്തിൽ നിന്നും **വിദേശ രാജ്യങ്ങളിൽ** നിന്നും എന്നെയും എന്റെ കുടുംബത്തേയും ഫോണിൽ കൂടി അന്വേഷിച്ച എന്റെ സ്നേഹഹൃദയങ്ങൾക്ക് മനസു നിറഞ്ഞ നന്ദി പറയുന്നു.

അതിരാവിലെ, പകലിൽ, രാത്രി നേരങ്ങളിൽ, ഫോണിൽ കൂടെ എന്നെ വിളിച്ച് നിങ്ങൾ സുഖമായിരിക്കുന്നുവോ എന്നും എന്റെ ആരോഗ്യനില എങ്ങനെയുണ്ടെന്നും ഇപ്പോൾ നിങ്ങൾക്ക് എന്താണ് ആവശ്യമുള്ളതെന്നും ദയവായി പറയൂ എന്ന് അന്വേഷിച്ചപ്പോൾ ഞാൻ സന്തോഷത്താൽ മനസുരികിപ്പോയി. കർത്താവ് തന്ന ഇങ്ങനെയുള്ള സ്നേഹം നിറഞ്ഞ വിശ്വാസികൾക്കായി ഞാൻ ദൈവത്തെ സ്തുതിയ്ക്കുന്നു.

അതുപോലെ, ചില അച്ചൻമാർ, ബിഷപ്പുമാർ, പാസ്റ്റർമാർ ഇങ്ങനെ ശുശ്രൂഷയിലുള്ളവരും എന്നെ ഫോണിൽ വിളിച്ച് എന്റെ ആരോഗ്യത്തെക്കുറിച്ചും എന്റെ ആവശ്യങ്ങളെക്കുറിച്ചും അന്വേഷിച്ചു. ഏവർക്കും നന്ദി പറയുന്നു.

കുറിപ്പ്!

കൊറോണ മുഖാന്തരം ഉണ്ടായ നന്മകൾ എന്റെ വീട്ടിൽ രാവിലെ മുതൽ രാത്രി വരെ പല സ്ഥലങ്ങളിലിരുന്നും വിശ്വാസികൾ എന്നെ ഫോണിൽ വിളിച്ച് കൊണ്ടിരിക്കുന്നു. പള്ളി അടഞ്ഞു കിടക്കുന്നതുകൊണ്ട് യോഗങ്ങൾ

എല്ലാം നവംബർ, ഡിസംബർ മാസത്തിലേയ്ക്ക് മാറ്റി വച്ചിരിക്കുന്നു. അതുകൊണ്ട് വിശ്വാസികൾ എന്നോട് ചോദിക്കാൻ ആഗ്രഹിച്ച ആത്മീയ ചോദ്യങ്ങളെ ഫോൺ വഴിയായി ഞാൻ വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ മറുപടി പറഞ്ഞ് ആലോചന നല്കി ഫോൺ വഴിയായി സ്പീക്കറിലിട്ട് കുടുംബത്തിലുള്ള എല്ലാവരും കേൾക്കാൻ തക്കവണ്ണം ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ എനിക്ക് സാധിച്ചു. ഫോൺ മൂലമായുള്ള ദൈവവേല എന്റെ മനസിനും കേൾക്കുന്ന വിശ്വാസികൾക്കും വളരെ തൃപ്തിയും ആശ്വാസവും നല്കി. പകൽ മുഴുവനും ഈ ഫോൺ വഴിയായുള്ള ദൈവവേലയാണ് ഞാൻ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ഞാൻ കൂടുതൽ സമയം ബൈബിൾ ധ്യാനത്തിലും മറ്റുള്ളവർക്കുവേണ്ടി എഴുതിവച്ചിട്ടുള്ള പ്രാർത്ഥനാ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിലും കൂടുതൽ സമയം ചെലവു ചെയ്യുന്നത് എന്റെ ആത്മാവിന് വലിയ തൃപ്തിയും സമാധാനവും ഉണ്ടാക്കി.

2–ാമതായി മാസികയ്ക്കുവേണ്ടി വായനക്കാർക്ക് ആവശ്യമായ ദൂതു നല്കുവാൻ പല പ്രധാനപ്പെട്ട വേദപുസ്തക വിഷയങ്ങളെക്കുറിച്ച് എഴുതുവാനും അവസരം ലഭിച്ചതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. പല പുതിയ പുതിയ വിഷയങ്ങളെക്കുറിച്ച് വായനക്കാർക്കുവേണ്ടി എഴുതുവാൻ പരിശുദ്ധാത്മാവ് എന്നെ പ്രേരിപ്പിക്കുന്നു. ഈ ദിവസങ്ങൾക്കായി ഞാൻ ദൈവത്തെ സ്തുതിയ്ക്കുന്നു.

**- Dr. Pushparaj**


## ONLINE BANKING (NEFT)

**Dr. M.G.E. PUSHPARAJ,** **SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842** SWIFT CODE - SBININBB637- 10764116842
IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.** SWIFT CODE - CNRB0001219 -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.


## OFFERING DETAILS

- ഈ ശുശ്രൂഷയ്ക്കുവേണ്ട കാണിക്ക അയച്ചു തന്ന് സഹായിച്ചു കൊണ്ടിരിക്കുന്ന വായനക്കാർക്ക് എല്ലാവർക്കും എന്റെ നന്ദി അറിയിക്കുന്നു. നിങ്ങൾ NEFT മൂലമായി എന്റെ ബാങ്ക് അക്കൗണ്ടിൽ പണം അയച്ചിരുന്നു, ചിലർ Western Money മൂലമായി കാണിക്ക അയച്ചു തന്നിരുന്നു.
- ബാങ്ക് മുഖാന്തിരം പണം അയക്കുമ്പോൾ എന്റെ പേര് M G E PUSHPARAJ എന്ന് ഓരോ ഇൻഷ്യലിനും കുത്ത് ഇടാതെ എഴുതി അയക്കുമ്പോൾ മാത്രമേ കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ പേര് സ്വീകരിക്കുകയുള്ളൂ. കുത്ത് ഇട്ടാൽ സ്വീകരിക്കുകയില്ല. അതേ സമയം ഓരോ ഇൻഷ്യലിനും Space വിടണം (M G E) ചിലർ ഇതിൽ പ്രയാസപ്പെട്ടതുകൊണ്ടാണ് ഇവിടെ എഴുതുന്നത്.
- നിങ്ങൾ അയച്ച പണത്തിന് രസീതോ, മറുപടിയോ എഴുതിഅറിയിക്കാൻ പറ്റിയില്ല. കാരണം തുടർച്ചയായി ശുശ്രൂഷയിൽ ആയിരുന്നതുകൊണ്ടാണ് ദയവായി ക്ഷമിക്കുമല്ലോ.

## WESTERN UNION & MONEY GRAM

- വിദേശ നാടുകളിൽ നിന്നും Western Union മൂലം പണം അയക്കുന്നവർക്ക് അല്ലെങ്കിൽ Money Gram മൂലം കാണിക്ക അയക്കുന്നവർക്ക് അതാതു നാടുകളുടെ ബാങ്കുകളിൽ എന്റെ ആദ്യത്തെ പേര്, നടുക്കത്തെ പേര്, അവസാനത്തെ പേര് ചോദിക്കുന്നു. അതുകൊണ്ട് എന്റെ മാതാപിതാക്കൾ തീവണ്ടി നീളത്തിന് എനിക്ക് വച്ച പേര് ഇവിടെ നിങ്ങൾക്കായി എഴുതുന്നു. ഈ പേരാണ് എന്റെ പാസ്പോർട്ടിലുള്ളത്. ഇത് നിങ്ങൾ എഴുതി വച്ചു കൊള്ളു. Manickam George Edmund Pushparaj. ഇത് നിങ്ങളുടെ ഇഷ്ടത്തിന് പിരിച്ചെഴുതിക്കൊള്ളു.

# കന്നിമാസത്തിൽ മാത്രം പട്ടികൾക്ക് രതി അതുപോലെ



വലിയ മെത്രാപ്പോലീത്ത

**നമ്മുടെ അച്ചൻമാർക്ക് നോമ്പു മാസത്തിലും 365 ദിവസങ്ങളിലും രതിയുണ്ട് എന്ന് മാർത്തോമാ മെത്രാപോലീത്ത അച്ചൻമാരെ പട്ടികൾക്ക് താരതമ്യപ്പെടുത്തിയ പ്രസംഗം**

## (കുറിപ്പ്)

(താഴെയുള്ള കത്ത് **ഇംഗ്ലീഷിൽ** നിന്നും **തമിഴി**ലേയ്ക്ക് തർജിമ ചെയ്യപ്പെട്ടതാണ്)

ബഹുമാനപ്പെട്ട ഡോക്ടർ അവർകൾക്ക് യേശുക്രിസ്തുവിൻ നിസ്തുല്യനാമത്തിൽ ആശംസകൾ അറിയിക്കുന്നു. ഏകദേശം 32 വർഷങ്ങൾക്കുമുമ്പ് (കോട്ടയം) മാങ്ങാനം **ഹോരേബ് മാർത്തോമ** കൺവൻഷനിൽ ഡോക്ടർ പുഷ്പരാജ് അവർകളുടെ പ്രസംഗം ഉണ്ടായിരുന്നു. എന്റെ മാതാപിതാക്കൻമാരോടുകൂടെ ഞങ്ങൾ ചങ്ങനാശ്ശേരിയിൽ നിന്നും കുടുംബമായി ഡോക്ടറുടെ പ്രസംഗം കേൾക്കാനായി സംബന്ധിച്ചിരുന്നു. അപ്പോൾ സഹോദരൻ **മാത്തുക്കുട്ടി** (CF WORKER)(Bro. മാത്യു) ഡോക്ടറുടെ പ്രസംഗത്തെ പരിഭാഷ ചെയ്തു. രണ്ടാമത്തെ ദിവസത്തെ കൺവൻഷനിൽ എന്റെ അപ്പച്ചൻ ഡോക്ടറുടെ പ്രസംഗം കേട്ട് കുടി നിർത്തി അന്നുമുതൽ എന്റെ വീട്ടിൽ വലിയ സമാധാനവും സന്തോഷവും ഉണ്ടായി. അന്നു ഞാൻ കൊച്ചു പയ്യനാണ്. അവിടെ നടന്ന ഡോക്ടറുടെ പ്രാർത്ഥനയിൽ ധാരാളം പേർക്ക് രോഗസൗഖ്യം ഉണ്ടായത് അച്ചൻ വിളിച്ചു പറഞ്ഞു ദൈവത്തെ സ്തുതിച്ചു. അന്നു മുതൽ

ഞങ്ങളുടെ കുടുംബം ഡോക്ടറുടെ മാസികയായ മലയാള **ജാമക്കാരന്റെ** (കാവൽക്കാരൻ) വായനക്കാരായി മാറി. അതിന് ശേഷം ഞാനും പഠിച്ച് ഡിഗ്രിവാങ്ങി **മാർത്തോമാ സഭാശുശ്രൂഷകനായി** പ്രവർത്തിച്ചു.

ഡോക്ടർ ഞങ്ങളുടെ തിരുമേനിമാരെക്കുറിച്ച് ജാമക്കാരനിൽ മോശമായി വിമർശിച്ച് എഴുതിയിരുന്നു. **കോഴഞ്ചേരി മാർത്തോമാ** പള്ളിയുടെ **യുവജനസഖ്യത്തിലുള്ളവർ** തിരുമേനിയെക്കുറിച്ച് അച്ചടിച്ച് ഇറക്കിയ ലഘുലേഖയെ ജാമക്കാരൻ അതുപോലെ എടുത്ത് പരസ്യപ്പെടുത്തി. അതിന്റെ തലക്കെട്ട് **കുറുക്കൻ സ്വർഗ്ഗത്തിലെത്തി യാലും കോഴിപിടുത്തം നിർത്തുമോ?** എന്നതായിരുന്നു. പക്ഷെ ആ മോശമായ വിവരങ്ങൾ ഡോക്ടറുടെ മാസികയിൽ പരസ്യപ്പെടുത്തിയത് ഡോക്ടറെ സ്നേഹിക്കുന്ന ഞങ്ങൾക്ക് വളരെ മനഃപ്രയാസം ഉണ്ടാക്കി. അതുകൊണ്ട് ഡോക്ടറുടെ മാസിക വായിക്കുന്നതിലും ഞങ്ങൾക്ക് വെറുപ്പുണ്ടായി. അന്നുമുതൽ ഞാൻ നിങ്ങളുടെ മാസിക വായിക്കുന്നത് നിർത്തി. പക്ഷെ എന്റെ അമ്മച്ചിയ്ക്ക് മാത്രം ഡോക്ടറോട് വലിയ ബഹുമാനമുണ്ട്. തുടർന്ന് അമ്മച്ചിയും, അപ്പച്ചനും മാത്രം ഡോക്ടറുടെ മാസിക വായിക്കും. അമ്മച്ചി മരിച്ചതിന് ശേഷം ആരും ജാമക്കാരൻ വായിക്കാറില്ല. എന്നാലും ഇന്നുവരെ ജാമക്കാരൻ എന്റെ വീട്ടിലേയ്ക്ക് തുടർന്ന് വന്നുകൊണ്ടിരിക്കുന്നു.

ഞങ്ങളുടെ **തിരുമേനിയുടെ ലൈംഗിക ബലഹീനതയെക്കുറിച്ച് അച്ചൻമാരായ ഞങ്ങൾക്കെല്ലാവർക്കും** അറിയാം. എന്നാലും CSI ക്കാരനായ ഡോക്ടർ പുഷ്പരാജ് ഞങ്ങളുടെ തിരുമേനിമാരെക്കുറിച്ച് വിമർശിച്ചെഴുതാൻ എന്താണവകാശം? മാർത്തോമാ സഭകളിൽ ഞങ്ങൾക്ക് കമ്മറ്റിയുണ്ട്. ബിഷപ്പുമാർ തെറ്റു ചെയ്താൽ ചോദിക്കാൻ ഞങ്ങളുടെ സഭയിൽ **വലിയ തിരുമേനിയും,** സഭാ ഭാരവാഹികളും ഉണ്ട്. പക്ഷെ ഞങ്ങളുടെ തിരുമേനിയെക്കുറിച്ചുള്ള പാപവിവരങ്ങളെ ലോകം മുഴുവൻ അറിയുവാൻ തക്കവണ്ണം എന്തുകൊണ്ടാണ് ഡോക്ടറുടെ മാസികയിൽ അത് പരസ്യപ്പെടുത്തിയത് എന്ന ചോദ്യം ഞങ്ങളുടെ എല്ലാവരുടേയും മനസിലും ഉണ്ടായിരുന്നു. അതുകൊണ്ടാണ് മാർത്തോമാ സഭയിലെ ഭൂരിപക്ഷ അച്ചൻമാർക്കും ഡോക്ടറുടമേൽ വെറുപ്പുണ്ടായത്.

അന്നത്തെക്കാലത്ത് ഡോക്ടർ എവിടെപ്പോയി പ്രസംഗിച്ചാലും ഞങ്ങളുടെ അച്ചൻമാർ കുടുംബമായി വന്ന് സംബന്ധിക്കുന്നത്

പതിവായിരുന്നു. ആ കാലത്ത് ഡോക്ടറുടെ യോഗത്തിൽ പങ്കുകൊണ്ട ചെറു പയ്യനായ ഞാൻ ഡോക്ടറെ ദൂരത്തിൽ നിന്നുമാണ് കാണുന്നത്. യോഗം കഴിഞ്ഞശേഷം വലിയ ഒരു ആൾക്കൂട്ടം ഡോക്ടറുടെ അടുത്ത് പ്രാർത്ഥിക്കാൻ സ്റ്റേജിലേയ്ക്ക് കയറിപ്പോകുന്നത് ഞാൻ കണ്ടു. അന്ന് ഡോക്ടറുടെ കൈയ്യിൽ **തൊടുവാനും, പ്രാർത്ഥിക്കാനും** ഞാനും എന്റെ മാതാപിതാക്കളും ആഗ്രഹിച്ചു. രാത്രി യോഗത്തിൽ അത് സാധിക്കാത്തതുകൊണ്ട് ഞായറാഴ്ച രാവിലെ പള്ളി ആരാധനയിൽ ഡോക്ടർ പ്രസംഗം ചെയ്തു കഴിഞ്ഞ ഉടനെ അച്ചൻമാരുടെ മുറിയിൽ ഡോക്ടർ വന്ന് ഇരുന്നപ്പോൾ ഞങ്ങളും വരിവരിയായി ഡോക്ടറുടെ അടുത്ത് വന്ന് പ്രാർത്ഥിച്ചു. അന്ന് എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചപ്പോൾ ഡോക്ടർ **പ്രവചിച്ചതുപോലെ** തന്നെ ഇന്ന് ഞാൻ പട്ടക്കാരനായി മാറി. അമേരിക്കയിൽ ചെന്ന് സെമിനാരിയിലെ ഡോക്ടർ പഠനം കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങി വന്ന് എന്റെ പ്രവർത്തനം തുടങ്ങി. അന്ന് ഡോക്ടർ എന്നെക്കുറിച്ച് പറഞ്ഞ പ്രവചനത്തെ ഇപ്പോഴും ഞാൻ ഓർക്കുന്നു. എന്റെ അമ്മച്ചി ആ വിവരങ്ങളെ തന്റെ ബൈബിളിൽ എഴുതി വച്ചിരിക്കുന്നു. 48 വർഷങ്ങൾക്കുമുമ്പ് ഓരോരോ പ്രസംഗത്തിന് ശേഷം ഡോക്ടർ തന്റെ വിലാസത്തെ രണ്ട് വരികളിൽ **ഡോക്ടർ പുഷ്പരാജ്, സേലം 5 എന്ന്** പറഞ്ഞ ആ അഡ്രസ്സ് ഇപ്പോഴും ഞങ്ങളുടെ മനസ്സിലുണ്ട്. അതിനുശേഷം ഡോക്ടറുടെ പ്രസംഗത്തെ **തർജിമയില്ലാതെ പ്രസംഗിക്കുന്നത്** 1978–ാം വർഷം ഒരു അച്ചൻ കേസറ്റിലാക്കി എന്റെ കൈകളിൽ തന്നു. മലയാളം എഴുതാനോ, വായിക്കാനോ, സംസാരിക്കാനോ അറിയാത്ത ഡോക്ടർ അപ്പോൾ തമിഴ്കലർന്ന മലയാളത്തിൽ എത്ര ശക്തിയായി പ്രസംഗിക്കുന്നു എന്നറിഞ്ഞപ്പോൾ ദൈവത്തെ സ്തുതിച്ചു.

പക്ഷെ ഞങ്ങളുടെ തിരുമേനിമാരുടെ ലൈംഗിക വിവരങ്ങളെയും, ഗൾഫിലും, കേരളത്തിലും ഉള്ള അച്ചൻമാരുടെ ഭാര്യമാരോടും കൊച്ചുപിള്ളേരോടും തെറ്റായി പെരുമാറിയ വിവരങ്ങളേയും എഴുതിയത് ഡോക്ടറുടെമേൽ വലിയ വെറുപ്പുണ്ടാക്കി. കത്തോലിക്കാ സഭക്കാരുടെ വിശ്വാസം പോലെ പത്രോസിന്റെ കൈയ്യിൽ ഏൽപ്പിച്ച **സഭയുടെ താക്കോൽ തുടർന്ന് സഭയെ നടത്തുന്ന** തിരുമേനിമാരുടെ കയ്യിൽ ഏല്പിക്കുന്നതുപോലുള്ള വിശ്വാസം ഞങ്ങൾക്കുള്ളിലും ഉണ്ട്.

അതുകൊണ്ടാണ് ഞങ്ങളുടെ തിരുമേനിമാരെ പത്രോസിന് തുല്യരായി ഞങ്ങൾ ബഹുമാനിക്കുന്നത് **അവർ എത്ര തെറ്റു ചെയ്താലും ഞങ്ങൾ അത് കാര്യമാക്കുന്നില്ല.** പക്ഷെ ഇപ്പോൾ കാലങ്ങൾ മാറിക്കൊണ്ടുവരുന്നു. സഭയിലും വലിയ വ്യത്യാസങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഈ അടുത്ത കാലത്ത് നടന്ന സംഭവം അതിന് സാക്ഷിയാണ്.

ഞങ്ങൾ **മാർത്തോമാ സഭയുടെ പട്ടക്കാരുടെ വാർഷിക കോൺഫറൻസ്** 2018 നവംബർ 27–30 വരെ കേരളത്തിൽ **ചരൽക്കുന്ന** എന്ന സ്ഥലത്ത് നടന്നു. അപ്പോൾ ഇപ്പോഴുള്ള ഞങ്ങളുടെ മെത്രാപ്പോലീത്താ തിരുമേനിയുടെ ഉത്ഘാടന പ്രസംഗം നടന്നു. ആ പ്രസംഗം മുഴുവനും **പട്ടിയുടെ പിന്നാലെ കന്നിമാസത്തിൽ അലയുന്ന ആൺപട്ടികളെക്കുറിച്ചായിരുന്നു.** തുടർന്ന് അദ്ദേഹം പ്രസംഗിച്ചത് **പട്ടിയ്ക്ക് – രതി കന്നിമാസത്തിൽ മാത്രമാണെന്നും അതുവരെയുള്ള 11 മാസങ്ങൾ ആൺപട്ടിയ്ക്ക് നോമ്പ്** എന്നും പറഞ്ഞു. നമ്മുടെ സഭകളിൽ ചാമ്പൽ ബുധനാഴ്ച മുതൽ ക്രിസ്ത്യാനികളും പ്രത്യേകമായി അച്ചൻമാരും കൈക്കൊള്ളുന്ന 40 ദിവസങ്ങൾ ഒടുക്ക ദിവസങ്ങളാകുന്നു (നോമ്പുദിവസങ്ങൾ). **അച്ചൻമാരെ പട്ടികളുടെ കന്നിമാസത്തിലെ രതിയോടു താരതമ്യപ്പെടുത്തി, പെൺപട്ടിയെത്തേടി അലയുന്ന ആൺപട്ടിയോട് സമമാക്കി** സംസാരിച്ചത് പട്ടക്കാരായ ഞങ്ങളുടെ ഹൃദയത്തെ കീറി വേദനപ്പെടുത്തി. അവിടെക്കൂടിയിരുന്ന എല്ലാ മാർത്തോമാ അച്ചൻമാർക്കും അപമാനമായിത്തീർന്നു. അച്ചൻമാരായ ഞങ്ങൾ ഓരോ വർഷവും 40 നോമ്പു ദിവസങ്ങളെ വളരെ ഭയഭക്തിയോടെ ഇറച്ചിയും, മീനും ഒഴിവാക്കി പ്രാർത്ഥനയോടുകൂടി അനുഷ്ഠിച്ചു വരുന്നു. പക്ഷെ വലിയ തിരുമേനി അവർകൾ ഇതിനെ വളരെ നിസാരമാക്കി ഞങ്ങളെ അപമാനിച്ച് സംസാരിച്ചത് ഞങ്ങൾക്ക് സഹിക്കാൻ കഴിഞ്ഞില്ല. മറ്റ് തിരുമേനിമാരെക്കാൾ ഉയർന്ന സ്ഥാന ത്തുള്ള **മെത്രാപ്പോലീത്ത അവർകൾ** ഇങ്ങനെ സംസാരിക്കും എന്ന് ഞങ്ങൾ പ്രതീക്ഷിച്ചില്ല. ആ സ്ഥലത്ത് ഒത്തിരി മാധ്യമപ്രവർത്തകരും ഉണ്ടായിരുന്നു. അവർ ഞങ്ങളെക്കുറിച്ച് എന്ത് വിചാരിക്കും? **അച്ചൻമാർ പെൺപട്ടികളെ തേടി ഓടുന്ന അളവിന് അത്ര മോശമായവരാണോ?** പ്രസംഗിച്ച ഈ മെത്രാപ്പോലീത്ത ഒരുകാലത്ത് അച്ചനായിരുന്നതിനു ശേഷമാണല്ലോ ബിഷപ്പിന്റെ സ്ഥാനം ലഭിച്ചത്. തുടർന്ന്


അദ്ദേഹം പ്രസംഗിച്ചത് പട്ടിക്ക് വർഷത്തിൽ ഒരു പ്രാവശ്യം മാത്രമാണ് രതിയുണ്ടാകുന്നത്. പക്ഷെ **മനുഷ്യർക്കും, അച്ചൻമാർക്കും 365 ദിവസവും രതിയുണ്ടാകുന്നു.** ഈ മോഹം മാർത്തോമാ പട്ടക്കാരിൽ ഞാൻ കണ്ടു വരുന്നു. ഇവരെക്കുറിച്ച് പല കേസുകളും പരാതികളും അരമനയ്ക്ക് വന്നുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞ് തന്റെ പ്രസംഗം അവസാനിപ്പിച്ചു.

അവസാനമായി **റവ. ഡോ. കെ.വി. മാത്യു അച്ചൻ** (ബൈബിൾ കോളേജ് മുൻ പ്രിൻസിപ്പലായിരുന്നു, റിട്ടയർ ചെയ്തു) അദ്ദേഹം അവസാന പ്രസംഗം ചെയ്തു. ആ മാന്യദ്ദേഹം പ്രസംഗിക്കുമ്പോൾ പൊതുവായി നമ്മുടെ മാർത്തോമാ സഭകളിൽ വലിയ മാനസാന്തരം ഉണ്ടാകേണ്ടത് വളരെ ആവശ്യമാണ്. അതോടുകൂടെ മാർത്തോമ സഭകളുടെ ഉയർന്ന സ്ഥാനത്തുള്ള **വലിയ തിരുമേനിയായ മെത്രാപ്പോലീത്തക്ക് ആദ്യം മാനസാന്തരം ഉണ്ടാകേണ്ടത് വളരെ ആവശ്യമാണ്** എന്ന് പറഞ്ഞ ഉടനെ തന്നെ വലിയ തിരുമേനിയായ മെത്രാപ്പോലീത്തയ്ക്ക് ദേഷ്യം വന്നു. ഉടനെ തന്റെ കസേരയിൽ നിന്നും എഴുന്നേറ്റ് അവസാന പ്രാർത്ഥനയും, ആശീർവാദവും പറയാതെ സ്റ്റേജ് വിട്ട് താഴെ ഇറങ്ങി ശബ്ദത്തോടെ എന്നെ മാനസാന്തരപ്പെടണം എന്നു പറഞ്ഞ സെമിനാരിയിലെ അച്ചനും കുടുംബവും ആദ്യം മാനസാന്തരപ്പെടട്ടെ അതിനുശേഷം എന്നെ ഉപദേശിയ്ക്കാൻ വരട്ടെ എന്നു പറഞ്ഞുകൊണ്ട് കാറിൽ കയറിപ്പോയി.

മാർത്തോമാ സഭാ ചരിത്രത്തിൽ ആദ്യമായി ഞങ്ങൾ കണ്ട ഞെട്ടലുണ്ടാക്കിയ സംഭവമാണിത്. ഈ സംഭവം എന്റെ മനസിനേയും മാറ്റി, എന്റെ രണ്ടു കണ്ണുകളും തുറപ്പിച്ചു. ബൈബിൾ സെമിനാരി പ്രിൻസിപ്പാൾ അവർകൾ വലിയ മെത്രാപ്പോലീത്ത അവർകളെ മാനസാന്തരപ്പെടണം എന്ന് എല്ലാവരുടെ മുമ്പിൽ വച്ച് പരസ്യമായി പറഞ്ഞ പ്രസംഗമാണ് എന്നെ വ്യത്യാസപ്പെടുത്തിയത്.

**ഇപ്പോഴാണ് ഡോക്ടർ പുഷ്പരാജ് അവർകൾ ജാമക്കാരനിൽ തിരുമേനിയെക്കുറിച്ച് എഴുതിയ വിമർശനങ്ങൾ സത്യമെന്ന് എനിയ്ക്ക് മനസിലായത്. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത് (ലൂക്കാ. 6:45)** എന്നു യേശു പറഞ്ഞത് വളരെ സത്യമാണ്. ഞങ്ങളുടെ മെത്രാപ്പോലീത്താ അവർകളുടെ ഹൃദയത്തിൽ **കാമവികാരം** ഉണ്ടായിരുന്നതുകൊണ്ടല്ലേ അച്ചൻമാരെ ആൺപട്ടി കളോടു

താരതമ്യപ്പെടുത്തി പെൺ പട്ടികളോടുകൂടെ തിരിയുന്നത് ഉദാഹരണമായി പറഞ്ഞത്. വാസ്തവത്തിൽ പറയുകയാണെങ്കിൽ **അദ്ദേഹം അച്ചനായും ബിഷപ്പായും പ്രവർത്തിച്ചിരുന്ന കാലത്ത് ചെയ്ത പാപത്തെ ഞങ്ങൾ ആരും ചെയ്തിട്ടില്ല.** റിട്ടേടായ പല അച്ചൻമാർ ആ വിവരങ്ങളെ ഞങ്ങളോട് പങ്കുവച്ചു.


Rt. Rev. Dr. Mar Ireanious

ഡോക്ടർ പുഷ്പരാജ് അവർകൾ 2011 – ഡിസംബർ മാസം ജാമക്കാരൻ മാസികയിൽ **ഐറേനിയസ്** തിരുമേനിയെയും ഇപ്പോഴത്തെ തിരുമേനിയെയും കുറിച്ച് എഴുതിയ വിവരങ്ങൾ സത്യമാണെന്ന് മനസിലായി. ഇദ്ദേഹത്തെക്കുറിച്ച് **തിരുവനന്തപുരത്ത് എയർപോട്ടിൽ വച്ച് എടുത്ത ഫോട്ടോ സഹിതമുള്ള പല പരാതികൾ അന്നത്തെ വലിയ തിരുമേനിയായ അലക്സാണ്ടർ മെത്രാപ്പോലീത്ത അവർകൾക്ക് അയയ്ക്കപ്പെട്ട കത്തുകളുടെ കോപ്പി അന്ന് ആ ആഫീസിൽ ജോലിചെയ്തിരുന്ന അച്ചൻ വഴിയായി പലരുടെയും കൈകളിൽ ഞാൻ കണ്ടു.** ഡോക്ടർ പുഷ്പരാജ് അവർകളോട് ഞാൻ മാപ്പ് ചോദിക്കുന്നു. ഇത്ര വർഷങ്ങൾ ഡോക്ടറോട് പിണങ്ങിയതിനേയും വെറുത്തതിനേയും കുറിച്ച് ഞാൻ ലജ്ജിക്കുന്നു. ഞാൻ ഡോക്ടർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. ഡോക്ടർ കേരളത്തിൽ എവിടെ പ്രസംഗിച്ചാലും ദയവായി എന്നെ അറിയിക്കണം. തീർച്ചയായും ഞങ്ങൾ കുടുംബമായി നേരിട്ട് ഡോക്ടറെ വന്ന് കാണും. ഡോക്ടറെ കാണാൻ എനിയ്ക്ക് കൊതിയാവുന്നു. യു ട്യൂബിലും, വെബ്സൈറ്റിലും ഡോക്ടറുടെ പ്രസംഗം ഞാൻ കേൾക്കാറുണ്ട്.

**മാർത്തോമാ സഭാ അച്ചൻമാരെ പട്ടികളോട് താരതമ്യം ചെയ്ത വലിയ തിരുമേനിയുടെ പ്രസംഗവിവരം മാർത്തോമാ വിശ്വാസികൾ അറിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ഞാൻ ഈ വിവരത്തെ ജാമക്കാരൻ വഴിയായി പരസ്യപ്പെടുത്തുവാൻ എഴുതിയത്.**

മാർത്തോമാ സഭയിലുള്ള ആയിരക്കണക്കിലുള്ള വിശ്വാസികളും ഇതറിയട്ടെ. ഡോക്ടർ പുഷ്പരാജ് അവർകൾ ഈ 80–ാം വയസിലും അന്ന് ഹോറേബ് കൺവൻഷനിൽ കണ്ടതുപോലെ തന്നെ ബാല്യക്കാരനെപ്പോലെ ഉള്ളത് ടിവി പ്രസംഗം വഴിയായി കണ്ടു ദൈവത്തെ സ്തുതിച്ചു. ഡോക്ടർ

അവർകൾ നീണ്ട ആയുസോടും, ആരോഗ്യത്തോടും ജീവിച്ച് സഭകൾ വചനത്തിലേയ്ക്ക് തിരിയാനും പഴയനിയമ പ്രവാചകൻമാരെപ്പോലെ കുറവുകളേയും, കുറ്റങ്ങളേയും **ചൂണ്ടിക്കാണിക്കുന്ന കാവൽക്കാരന്റെ ദൈവവേലയെ ധൈര്യമായി തുടർന്ന് ചെയ്യണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു.** ഞങ്ങൾ അച്ചൻമാർ എല്ലാവരും ഡോക്ടറുടെ പിൻപിലുണ്ട് എന്നുള്ളത് ഞാൻ അറിയിക്കുന്നു. എന്റെ മക്കൾ വളർന്ന് അമേരിക്കയിലും നാട്ടിലും കുടുംബത്തോട് സാക്ഷിയായി ജീവിക്കുന്നു. തുടർന്ന് ഞങ്ങൾക്കായും കുടുംബത്തിന് വേണ്ടിയും പ്രാർത്ഥിക്കണം എന്നു അഭ്യർത്ഥിച്ചു കൊണ്ട് പ്രാർത്ഥനയോടെ ഈ കത്ത് ചുരുക്കുന്നു.

## മാർത്തോമാ സഭയിലുള്ള ജാമക്കാരൻ വായനക്കാരായ അച്ചൻമാർക്കും സഭാവിശ്വാസികൾക്കും ഉള്ള വിലയേറിയ ആലോചന

മെത്രാപ്പോലീത്ത (അദ്ദേഹത്തിന്റെ പഴയ പേർ Rt. Rev. Dr. Mar Ireanios) നോമ്പുകാല 40 ദിവസങ്ങളും - കന്നിമാസത്തിൽ പട്ടികൾക്കുണ്ടാകുന്ന രതിയെ പട്ടക്കാരോട് താരതമ്യപ്പെടുത്തി പ്രസംഗിച്ചതിനാൽ ഭൂരിപക്ഷ അച്ചൻമാരും മനഃപ്രയാസത്തോട് കഴിയുന്ന ഈ അവസരത്തിൽ മാർത്തോമാ സഭകളിലുള്ള ബിഷപ്പുമാരുടെ ഇടയിലും, അച്ചൻമാരുടെ ഇടയിലും, സഭാപാരമ്പര്യങ്ങളിലും, ചടങ്ങുകളിലും വചനത്തിന്റെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നത് നമ്മുടെ ദൈവത്തിന് പ്രിയമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇത് എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെ ഞാൻ നിങ്ങളെ ഇളക്കി വിടുന്നതായി കരുതരുത്. പല വർഷങ്ങൾക്കുമുമ്പ് ഇതുപോലെ 'ഒരു വിപ്ലവം' മാർത്തോമാ സഭയിൽ ഉണ്ടായനുകൊണ്ട ചിലരെക്കൊണ്ട് **സെന്റ്. തോമസ് ഇവാഞ്ചലിക്കൽ ചർച്ചുകളിൽ** ഉണ്ടായതുകൊണ്ട് ആ സഭയിലുള്ള ബിഷപ്പുമാർ കല്യാണം കഴിച്ചു. ഇന്ന് ആ സഭകൾ വചനത്തിൽ വളർന്നു പെരുകാൻ തുടങ്ങി. മാർത്തോമാ പാരമ്പര്യ ചടങ്ങുകളിൽ താത്പര്യമില്ലാത്ത കുടുംബക്കാർ പലരും മാർത്തോമാ സഭകളെ വിട്ട് സി.എസ്.ഐ. സഭയിലും സെന്റ്. തോമസ് ഇവാഞ്ചലിക്കൽ ചർച്ചുകളിലും അംഗങ്ങളായി മാറി.

അതുപോലുള്ള ഒരു അവസരം ഇപ്പോൾ മാർത്തോമാ സഭകൾക്ക് ലഭിച്ചിരിക്കുന്നു. ചില അച്ചൻമാരോട് ഞാൻ ഫോണിൽ സംസാരിച്ച പ്പോൾ

മാർത്തോമാ സഭാ വിശ്വാസികളും അച്ചൻമാരിൽ ചിലരും മാർത്തോമാ സഭക്കുള്ളിൽ **വിപ്ലവകരമായ ഒരു മാറ്റം ഉണ്ടാകാൻ ആഗ്രഹിക്കുന്നു എന്ന്** ഞാൻ അറിഞ്ഞതിന് ശേഷമാണ് ഈ ആലോചനകളെ എന്റെ വായനക്കാർക്ക് മാത്രമായി പുറത്തുവിടുന്നത്.

യഹസ്ക്കേൽ 3:17–21 നീ (ഡോ. പുഷ്പരാജിനെ അല്ലെങ്കിൽ വലിയ തിരുമേനിയെ) പ്രബോധിപ്പിച്ചില്ലെങ്കിൽ അവർ സ്വന്തപാപത്തിൽ മരിക്കും. അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും.

ചില ബിഷപ്പുമാർ അച്ചന്മാരായിരിക്കുമ്പോൾ തന്നെ തന്റെ മാതാപിതാക്കൾ മൂലമായോ, സഹോദരൻമാർ മൂലമായോ അവരുടെ പാപത്തെ ചൂണ്ടിക്കാണിക്കപ്പെട്ട് മുന്നറിയിപ്പ് നല്കപ്പെട്ടിരുന്നു. ശുശ്രൂഷ ചെയ്ത ഇടങ്ങളിലെല്ലാം ശിംശോനെപ്പോലെ പാപചിന്ത ഉള്ളവരായി ജീവിച്ചിരുന്നു. ഇങ്ങനെയുള്ള ബിഷപ്പുമാരുടെ പിൻബലം ഇവർക്ക് **സഹായം ചെയ്യുന്ന അച്ചൻമാരാണ്.** ഇങ്ങനെയുള്ള അച്ചൻമാർ പാപം ചെയ്യുന്ന വ്യക്തിക്ക് നാം സഹായം ചെയ്യുന്നു എന്ന ചിന്തയില്ലാതെ സീനിയർ അച്ചൻമാരായിരിക്കുന്നു. തങ്ങൾക്ക് പല ആവശ്യങ്ങളും ബിഷപ്പിൽ നിന്നും ലഭിക്കുന്നതുകൊണ്ട് നന്ദിയുള്ള മനസ്സോടുകൂടെ ബിഷപ്പ് ഇലക്ഷൻ വന്നപ്പോൾ മേലെ കുറിപ്പിട്ട തെറ്റു ചെയ്ത അച്ചനെ ബിഷപ്പു പദവിയിൽ കൊണ്ടുവന്നു.

ഞാൻ (ഡോ. പുഷ്പരാജ്) **കേരളത്തിൽ ആനപറമ്പ്** എന്ന സ്ഥലത്തുള്ള മാർത്തോമ കൺവൻഷനിൽ പ്രസംഗിയ്ക്കാൻ വന്നപ്പോൾ ആനപ്പറമ്പ് മാർത്തോമാ സഭ അച്ചനായ **റവ. അബ്രഹാം ലിങ്കൻ** എന്ന രോഗശാന്തി വരം ലഭിച്ച പ്രാർത്ഥിക്കുന്ന ഒരു നല്ല അച്ചൻ ഉണ്ടായിരുന്നു. അദ്ദേഹം എന്നെ കാണാനും കൺവൻഷനിൽ പങ്കെടുക്കാനും വന്നിരുന്നു. അന്നു മുതൽ ഞങ്ങൾ അടുത്ത ആത്മീയ സുഹൃത്തുക്കളായി മാറി. മാർത്തോമാ സഭകളിൽ അബ്രഹാം ലിങ്കൻ അച്ചനെ എല്ലാവർക്കും വളരെ ഇഷ്ടമാണ്. അദ്ദേഹത്തോട് എല്ലാവർക്കും വളരെ ബഹുമാനമുണ്ട്. അതോടുകൂടെ അദ്ദേഹം ഒരു കൺവൻഷൻ പ്രാസംഗികനായും കേരളം മുഴുവനും അറിയപ്പെട്ടു. അതുകൊണ്ട് അടുത്തു വന്ന ബിഷപ്പ് ഇലക്ഷനിൽ അബ്രഹാം ലിങ്കനച്ചൻ അടുത്ത ബിഷപ്പായി വരുമെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നു. എന്നാൽ അദ്ദേഹം തോറ്റുപോയി.

മാത്രമല്ല മൂന്നുപ്രാവശ്യം നടന്ന ഇലക്ഷനിലും അദ്ദേഹം തോറ്റുപോയി. അദ്ദേഹം തോറ്റുപോകാൻ കാരണമായത് **ഒരു ബിഷപ്പായിരുന്നു.** ഈ അച്ചന് എതിരായി പ്രവർത്തിച്ച ബിഷപ്പ് അവർകൾക്ക് **ഭൂരിപക്ഷ അച്ചൻമാരുടെ സഹായം വലിയ ബലമായിരുന്നു.** അച്ചൻമാർ പലർക്കും അബ്രഹാം ലിങ്കൻ അച്ചനെ വലിയ ബഹുമാനവും മര്യാദയും ഉണ്ടായിരുന്നു. എന്നാൽ മേലെ കുറിപ്പിട്ട ബിഷപ്പിന്റെ നിർബന്ധം കാരണമായി. ബിഷപ്പിൻമേലുള്ള പേടി കാരണമാവും ഭൂരിപക്ഷം അച്ചൻമാർ അബ്രഹാം ലിങ്കൻ അച്ചനെ തോല്പിച്ചു.

അബ്രഹാം അച്ചൻ രോഗക്കിടക്കയിൽ ആയിരുന്നപ്പോൾ റവ. പി.വി. ജോർജ്ജ് അച്ചൻ അവർകൾ (മാങ്ങാനം) എന്നെ അദ്ദേഹത്തിനടുക്കലേക്ക് വിളിച്ചുകൊണ്ടുപോയി. റവ. പി.വി. ജോർജ്ജ് അച്ചനെ പുറത്തിരുത്തിയതിനുശേഷം എന്നോട് താൻ ബിഷപ്പ് ഇലക്ഷനിൽ എങ്ങനെ തോറ്റു എന്ന വിവരത്തെയും, ബിഷപ്പ് ഇലക്ഷനിൽ തനിയ്ക്ക് എതിരായി ബലം പ്രയോഗിച്ച ആ ബിഷപ്പിനെപ്പറ്റിയുള്ള പല രഹസ്യങ്ങളേയും മാർത്തോമാ സഭ ബിഷപ്പ് ഇലക്ഷൻ സി.എസ്.ഐ. സഭയുടെ ബിഷപ്പ് ഇലക്ഷൻ പോലെ അല്ല എന്നതിനെക്കുറിച്ചും എന്നോട് വിശദീകരിച്ചു.

**അന്നത്തെ വലിയ മെത്രാപ്പോലീത്ത പാപം ചെയ്യുന്ന ബിഷപ്പുമാരെ** വിളിച്ച് അപലപിക്കാനോ, ശിക്ഷിക്കാനോ തയ്യാറായില്ല. അദ്ദേഹത്തിന് പേടിയായിരുന്നു. പാപവിവരം അടങ്ങിയ പരാതികൾ വന്നപ്പോൾ തന്നെ അവരെ ശിക്ഷിച്ചിരുന്നെങ്കിൽ മാർത്തോമാ സഭയുടെ നേതൃത്വ സ്ഥാനത്ത് നല്ല ദൈവഭയമുള്ള ബിഷപ്പുമാരെ ലഭിക്കുമായിരുന്നു.

☐ **ഇതിനെല്ലാം മുഖ്യകാരണം മാർത്തോമാ സഭാ ബിഷപ്പുമാർ കല്യാണം കഴിയ്ക്കാത്തതാണ്.** ഇന്ന് **ഓർത്തഡോക്സ് ബിഷപ്പുമാരും** പല നാടുകളിലുള്ള **കത്തോലിക്കാ ബിഷപ്പുമാരും** ലൈംഗിക പാപത്തിൽ കുടുങ്ങി ഇപ്പോൾ ജയിലിൽ കിടക്കുന്നതിന്റെ കാരണവും വിവാഹം കഴിയ്ക്കാത്തവരെ ബിഷപ്പായി അഭിഷേകം ചെയ്തതു തന്നെയാണ്.

**സ്വന്ത കുടുംബത്തെ ഭരിപ്പാൻ അറിയാത്തവർ ദൈവസഭയെ എങ്ങനെ പരിപാലിക്കും (1 തിമൊ. 3:5).**

ബൈബിൾ കോളേജ് സെമിനാരി മുൻ പ്രിൻസിപ്പാൾ അവർകൾ വലിയ തിരുമേനി ആദ്യം മാനസാന്തരപ്പെടേണം എന്ന് **ധൈര്യത്തോടെ**

**പ്രസംഗിച്ചതുപോലെ മാർത്തോമാ** സഭയിൽ ആത്മീയ വിപ്ലവം ഉണ്ടാകണമെങ്കിൽ ആദ്യം വലിയ മെത്രാപ്പോലീത്തയിൽ നിന്നും മാനസാന്തരം തുടങ്ങണം.

ഞാൻ പറയാൻ ആഗ്രഹിക്കുന്നത് എന്തെന്നാൽ ഇപ്പോഴുള്ള ബിഷപ്പുമാരും, മെത്രാപ്പോലീത്ത തുടങ്ങിയവർ എപ്പോഴും പോലെ പ്രവർത്തിക്കട്ടെ. എന്നാൽ ഇനിയുള്ള ബിഷപ്പു തിരഞ്ഞെടുപ്പുകളിൽ വിവാഹം ചെയ്തവരും ആരും കുറ്റം പറയാത്ത നല്ല പേരുള്ളവരും പ്രത്യേകിച്ച് മരിച്ച **അബ്രഹാം ലിങ്കനച്ചനെപ്പോലെ** പ്രാർത്ഥിയ്ക്കുന്ന ആത്മീയരായ അച്ചൻമാരെ ബിഷപ്പായി തിരഞ്ഞെടുത്ത് പുതിയ ഒരു അദ്ധ്യായം തുടങ്ങണം.

ഇപ്പോഴുള്ള മെത്രാപ്പോലീത്ത ജീവനോടെ ഉള്ളതുവരെ ഈ പുതിയ ഏർപ്പാട് നടപ്പിലാക്കാൻ കഴിയില്ല. എന്നാൽ ദൈവത്താൽ ഇത് സാധ്യമാകും. ഇതിന് വേണ്ടി മാർത്തോമാ സഭാവിശ്വാസികളും അച്ചൻമാരും പ്രാർത്ഥിക്കണം. ഇത് കഠിനമായതാണ്. പക്ഷെ ദൈവത്താൽ സാധ്യമാണ്.

അടുത്തത് മാർത്തോമാ സഭാ ആരാധനകളിൽ **ആവശ്യമില്ലാത്ത ചടങ്ങുകൾ. ധൂപം കാണിക്കൽ, ബൈബിളിൽ ഇല്ലാത്ത ഉപദേശങ്ങളെ എല്ലാവരും ചേർന്ന് ഏകമനസ്സോടുകൂടെ നീക്കം ചെയ്യണം.** ഇവയെല്ലാം ആദ്യം നിറവേറ്റിയാൽ മറ്റുള്ള നല്ല പുതിയ നിയമസഭയുടെ നടപടി ക്രമങ്ങൾ താനേ സഭയ്ക്കുള്ളിൽ വന്നു ചേരും. ഇങ്ങനെ ഞാൻ എഴുതിയതിനെക്കുറിച്ച് മാർത്തോമാ സഭയിലുള്ള യാഥാസ്ഥിതികർ (പഴയ ആളുകൾ) പാരമ്പര്യ ഉപദേശത്തെ വിടാൻ മനസില്ലാത്ത എല്ലാവരും വളരെ അധികം ശക്തിയോടെ ഇതിനെ എതിർക്കുമെന്ന് എനിയ്ക്കറിയാം.

മുമ്പ് ബിഷപ്പ് റൈറ്റ്. റവ. മാർ ഐറേനിയോസ് അവർകളുടെ പാപകാര്യങ്ങളെക്കുറിച്ച് ജാമക്കാരനിൽ പരസ്യപ്പെടുത്തിയപ്പോൾ എന്റെ മേൽ **മാനനഷ്ടക്കേസ്** കൊടുക്കാൻ ശ്രമിച്ചതുപോലെ ഇപ്പോഴും എന്റെ മേൽ കോടതിയിൽ കേസു കൊടുക്കാൻ ഒരുപക്ഷെ ശ്രമിക്കാം.

മാർത്തോമാ സഭകൾ വചനത്തിൽ ശക്തിയായി വളർന്ന് കർത്താവിന്റെ രണ്ടാമത്തെ വരവിൽ എടുക്കപ്പെടണമെങ്കിൽ വീണ്ടും ഞാൻ എഴുതിയ ഈ വിഷയത്തെക്കുറിച്ച് ഓരോരുത്തരും സംസാരിച്ച് പ്രാർത്ഥിച്ച് നല്ല ഒരു തീരുമാനം എടുക്കുവിൻ. ഇതുപോലെ ശ്രമിയ്ക്കുന്ന നിങ്ങൾക്കും,

മെത്രാപ്പോലീത്തക്കും ഇടയിൽ കോപം പ്രശ്നമായി മാറും. ഇതിനായി പരിശ്രമിക്കുന്ന പലരേയും സഭയിൽ നിന്നും പുറത്താക്കാനും സാധ്യതയുണ്ട്. പേടിക്കേണ്ട; കർത്താവിന്റെ ശരീരമായ സഭയ്ക്കുവേണ്ടി വേദവചനത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ പരിശ്രമിക്കുന്നതുകൊണ്ട് മാർട്ടിൻ ലൂഥർ കണ്ട വലിയ ഒരു വിപ്ലവം തീർച്ചയായും മാർത്തോമാ സഭയിലും ഉണ്ടാകും.

നിങ്ങൾക്ക് പിൻവരുന്ന സന്തതി നിങ്ങളെ വാഴ്ത്തും. നമ്മുടെ ദൈവത്തിനും അത് പ്രസാദകരമായിരിക്കും.

- മാർത്തോമാ സഭയിൽ എനിയ്ക്കായി പ്രാർത്ഥിക്കുകയും എന്നെ കാണിക്കായാൽ സഹായിക്കുന്ന എല്ലാ വിശ്വാസികൾക്കും അച്ചൻമാർക്കും പ്രത്യേകിച്ച് എന്റെ വായനക്കാർക്കും എല്ലാവിധ ആശംസകളും നന്ദിയും രേഖപ്പെടുത്തുന്നു.

**മാർത്തോമാ സഭകളെ തകർക്കാൻ വേണ്ടിയല്ല ഞാൻ ഇത് എഴുതിയത്. സഭ ഉടഞ്ഞുപോകാതിരിക്കാനും, സഭയിലുള്ള വിശ്വാസികൾ പുറത്തുപോകാതിരിക്കാനും സഭാവചനത്തിൽ അതിശക്തിയോടെ ബലപ്പെടാൻ വേണ്ടിയുമാണ് ഈ ആലോചനകളെ ഞാൻ ഇവിടെ എഴുതിയത്.**

## സഭാ തലവൻമാരുടെ യോഗ്യതയും – ശിക്ഷയും

നമ്മുടെ ക്രിസ്തീയ സഭാതലവന്മാർക്ക് വേദവചന അടിസ്ഥാനത്തിൽ ചില യോഗ്യതകൾ ഉണ്ട്. ചില നിയമങ്ങളും ഉണ്ട്. ആ യോഗ്യതയില്ലാത്തവരെ സഭാപ്രമാണികൾ, അച്ചൻമാർ, ബിഷപ്പുമാർ അഥവാ മണ്ഡലം അവരെ തിരഞ്ഞെടുക്കാം (1തിമൊ. 3:2–7). പക്ഷെ ദൈവം അത് അംഗീകരിക്കുന്നില്ല. ഈ വചനത്തിൽ **അദ്ധ്യക്ഷൻ**

ഈ വാക്കിന് ഇംഗ്ലീഷ് ബൈബിളിൽ

(KJV) A **Bishop** then must be blameless, the husband of one wife, vigilant, sobar of good behaviour.

(TEV) A church **leader** must be a man without fault

(NIV) The overseer

(RSV) A bishop

(JERUSALAM BIBLE) The President

ഇങ്ങനെ പല ബൈബിൾ തർജിമകളിൽ ബിഷപ്പ് എന്നു തന്നെ സൂചിപ്പിച്ച അവരുടെ യോഗ്യതകളെക്കുറിച്ച് എഴുതിയിട്ടുണ്ട്.

## ബൈബിളിൽ പറയുന്ന യോഗ്യത ഇല്ലാത്തവരെ ബിഷപ്പാക്കിയാൽ അതിന്റെ അനന്തരഫലം എന്തായിരിക്കും?

☐ ദാവീദ് രാജാവ് ഇസ്രായേൽ ജനങ്ങൾക്ക് രാജാവും തലവനുമായിരുന്നു. പക്ഷെ ദാവീദു ചെയ്ത പാപത്താലും, അവൻ ചെയ്ത തെറ്റുകളാലും ജനങ്ങളാണ് ബാധിയ്ക്കപ്പെട്ടത്. ദൈവത്തിന്റെ കോപം ജനങ്ങളുടെ മേൽ വന്നു. 70000 പേർ മഹാമാരി ബാധകളാൽ കൊല്ലപ്പെട്ടു.

ഒരു തലവൻ ചെയ്ത തെറ്റിന്റെ ബാധിപ്പ് സഭാമക്കളുടെ മേലാണ് വരുന്നത്. മാത്രമല്ല **ജനങ്ങൾക്ക് കിട്ടുന്ന അനുഗ്രഹങ്ങളും നഷ്ടപ്പെടും.** ഒരു സഭ തലവൻ (അദ്ധ്യക്ഷൻ) യോഗ്യതയില്ലാതെ സഭയുടെ ചുമതലയോ **ബിഷപ്പ് പദവിയോ** സ്വീകരിക്കുമെങ്കിൽ അത് ബിഷപ്പിനേപ്പോലെ **അദ്ധ്യക്ഷ സ്ഥാനത്തിലുള്ളവർക്ക് തന്നെ അത് ആപത്തായും, രോഗമായും, ശിക്ഷയായും ബാധിക്കും.**

☐ ഉസിയാ രാജാവ് കർത്താവിന്റെ ദേവാലയത്തിൽ ദൈവത്തിന് ശുശ്രൂഷ ചെയ്യാൻ ആഗ്രഹിച്ച് ദേവാലയത്തിൽ ചെന്ന് ധൂപപീഠത്തിൻമേൽ കയറി ധൂപം കാണിയ്ക്കാൻ ശ്രമിച്ചു. അപ്പോൾ പുരോഹിതൻമാർ രാജാവിനെ തടസ്സം ചെയ്തു. പുരോഹിതൻമാർക്കു മാത്രമേ ധൂപം കാണിയ്ക്കാനുള്ള അവകാശമുള്ളു എന്ന് രാജാവിനെ പ്രബോധിപ്പിച്ചു. പക്ഷെ രാജാവ് അതിന് കൂട്ടാക്കിയില്ല. ഞാൻ സ്നേഹിക്കുന്ന എന്റെ ദൈവത്തിന് ശുശ്രൂഷ ചെയ്യുന്നതിന് എന്താണ് തെറ്റ്? എന്നുള്ള ചിന്തയിൽ അവൻ ധൂപകലശം കൈയ്യിലെടുത്തു. ഉടൻ തന്നെ ദൈവകോപം രാജാവിന്റെ മേലിറങ്ങി. രാജാവിന്റെ **നെറ്റിമേൽ കുഷ്ഠം പൊങ്ങി** എന്ന് ബൈബിൾ പറയുന്നു. ആ കാലത്ത് കുഷ്ഠരോഗം ബാധിച്ചാൽ ആദ്യം അതിനെ പുരോഹിതന് കാണിക്കണം (ലേവ്യ 13) പുരോഹിതൻ അത് കണ്ട ഉടനെ അവനെ പാളയത്തിന് പുറത്താക്കും. അതുകൊണ്ടാണ് അന്ന് നയമാൻ തന്റെ കുഷ്ഠം മറ്റുള്ളവർ കാണാതിരിയ്ക്കാൻ തന്നത്താൻ മൂടി മറച്ചിരുന്നു. നയമാനെപ്പോലെ തന്നെ നാട്ടിലും പലരും കുഷ്ഠരോഗം കാണാത്തവിധം മറച്ച് ജീവിച്ചിരുന്നു. പക്ഷെ ഈ രാജാവിന്റെ വിഷയത്തിൽ കുഷ്ഠം

ശരീരത്തിൽ ഉണ്ടായിട്ടില്ല. പുരോഹിതൻ മുതൽ എപ്പോഴും പരസ്യമായി കാണത്തക്കവിധത്തിൽ ദൈവം നെറ്റിയിൽ കുഷ്ഠം ഉണ്ടാക്കി. ഇപ്പോൾ രാജാവ് തന്റെ കൊട്ടാരത്തിലേക്കു മടങ്ങിപ്പോകാൻ കഴിയാതെ പാളയത്തിന് പുറത്തു പോകേണ്ടി വന്നു. ഈ രാജാവ് കൊല ചെയ്തിട്ടില്ല. വേറെ തെറ്റുകൾ ഒന്നും ചെയ്തിട്ടില്ല. ദേവാലയത്തിലെ ശുശ്രൂഷ മാത്രമേ ചെയ്തിട്ടുള്ളു. അതുതന്നെ ദൈവത്തെ കോപപ്പെടുത്തി. ഇതെല്ലാ നേതാക്കൾക്കും, ബിഷപ്പുമാർക്കും, അച്ചൻമാർക്കും മുന്നറിയിപ്പാണ്. യോഗ്യതയില്ലാതെ ദൈവവേല ചെയ്യുവാൻ ബിഷപ്പോ, മെത്രാപ്പോലീത്തയോ, അച്ചൻമാരോ അല്ലെങ്കിൽ എന്നെ പോലെ (ഡോ. പുഷ്പരാജ്) ദൈവവേല ചെയ്താൽ ഉസിയാ രാജാവിനും ദാവീദ് രാജാവിനും സംഭവിച്ചതുപോലെ തന്നെ സംഭവിക്കും (യിര. 22:21). **നിന്റെ ശുഭകാലത്ത് ഞാൻ നിന്നോട് സംസാരിച്ചു. നീയോ ഞാൻ കേൾക്കയില്ല എന്നു പറഞ്ഞു. എന്റെ വാക്ക് അനുസരിയ്ക്കാതിരിക്കുന്നതു ബാല്യം മുതൽ നിനക്കുള്ള ശീലം.** ഇതു വായിക്കുന്ന **മാർത്തോമാ** സഭയിലുള്ളവർ ദയവായി എന്റെ മേൽ കോപപ്പെടരുത്. **പ്രഘോഷിക്കുന്നതും അറിയിക്കുന്നതുമാണ് ദൈവം എന്റെ കൈയ്യിലേല്പിച്ച മാസിക ദൈവവേല (ജാമക്കാരൻ). അതുകൊണ്ടാണ് എന്റെ മാസികയ്ക്ക് ദൈവം ജാമക്കാരൻ എന്ന് പേർ നല്കിയത് (കാവൽക്കാരൻ).** (ലേവി. 5:1,2) ഈ വചനപ്രകാരമാണ് ഞാൻ ഇപ്പോഴും എന്റെ മാസിക എഴുതിക്കൊണ്ടിരിക്കുന്നത്. എല്ലാ സഭകളിലും എന്റെ വായനക്കാർ ഉണ്ട്. ആ വായനക്കാർക്ക് വേണ്ടിയാണ് ഈ മാസികാ ശുശ്രൂഷ ഞാൻ ചെയ്യുന്നത്. ഇതുകാരണം പലരുടെയും വെറുപ്പ് ഞാൻ സമ്പാദിച്ചു. ശത്രുക്കളുടെ എണ്ണവും വർദ്ധിച്ചു. പല സഭകളുടെ പാസ്റ്റർമാരും, ബിഷപ്പുമാരും, മോഡറേറ്റർമാരും എന്നെ വെറുക്കാൻ തുടങ്ങി.

**സെമിനാരി മുൻ പ്രിൻസിപ്പാൾ അച്ചൻ അവർകൾ** ഇത്ര ധൈര്യമായി മെത്രാപ്പോലീത്തായുടെ മുഖത്തു നോക്കി പറഞ്ഞ ധൈര്യത്തെ ഞാൻ അഭിനന്ദിക്കുന്നു. അതോടുകൂടെ അദ്ദേഹത്തിനെക്കുറിച്ച് എനിയ്ക്ക്

അഭിമാനം തോന്നുന്നു. സി.എസ്.ഐ., മാർത്തോമാ, പെന്തക്കോസ്തുസഭ തുടങ്ങി സഭകളിൽ പ്രിൻസിപ്പാൾ അച്ചനെപ്പോലെ നട്ടെല്ലുവർ എഴുന്നേൽക്കണം. അവരുടെ കുറവുകളേയും ചൂണ്ടിക്കാണി ക്കണം. അപ്പോൾ നമ്മുടെ സഭകൾ എല്ലാം നന്നാവും. ദൈവവേല ക്കാരെക്കുറിച്ചോ സഭാനേതാക്കൻമാരെ പോലുള്ളവരെക്കുറിച്ചോ കുറ്റം ചൂണ്ടിക്കാണിച്ചാൽ അവർക്ക് മിര്യാമിനെപ്പോലെ കുഷ്ഠം ഉണ്ടാകുമെന്നു പേടിപ്പിച്ച് പറയുന്ന വായ് അവർ അടയ്ക്കും. നിങ്ങൾ അത് കാര്യമാക്കേണ്ട!

(ഉത്തമഗീതം 2:15) മുന്തിരിത്തോട്ടം നശിപ്പിക്കുന്ന കുറുക്കൻമാരെ പിടിച്ച് പുറത്താക്കണം അപ്പോഴാണ് സഭയായ മുന്തിരിത്തോട്ടം ക്രിസ്തുവിൽ ശക്തിപ്രാപിച്ച് വളരുന്നത്.

- ഞാൻ എഴുതിയതിന്റെ പരിണിതഫലം എന്താണെന്നുള്ളതിനെ ക്കുറിച്ച് ഞാൻ ചിന്തിക്കുന്നില്ല. **പരിശുദ്ധാത്മാവ് എന്നെ ഏതു വിഷയത്തെക്കുറിച്ച് എഴുതുവാൻ പ്രേരിപ്പിക്കുന്നുവോ** അത് ഞാൻ തീർച്ചയായും ചെയ്യും.

എന്നെ കോടതിയിൽ കൊണ്ടു പോയി നിർത്തിയാലും ശരി അടിയാൾകളെ കൊണ്ട് വധിയ്ക്കാൻ ശ്രമിച്ചാലും ശരി, എന്നെ എഴുതാൻ പ്രേരിപ്പിച്ച എന്റെ ദൈവം അറിയാതെ എനിക്കൊന്നും ഭവിയ്ക്കയില്ല. അങ്ങനെ ഭാവിച്ചാലും അത് കർത്താവ് അനുവദിച്ചതായിരിക്കും. ആ അനുഭവങ്ങളെ ഞാൻ 1964–ാം വർഷം മുതൽ തന്നെ അഭിമുഖീകരിക്കാൻ തുടങ്ങി 52–വർഷങ്ങൾ ആയി ദൈവവേല ചെയ്ത് എന്റെ ഈ 80–ാം വയസിലും സകല ആരോഗ്യത്തോടും, ബലത്തോടും, ധൈര്യത്തോടും ദൈവവേല ചെയ്യാൻ ദൈവം കൃപ നല്കിക്കൊണ്ടിരിക്കുന്നു. കാലേബ് അന്ന് പറഞ്ഞതുപോലെ എന്റെ 40–ാം വയസിലുള്ള അതേ ബലം തന്നെ ഈ 80–ാം വയസിലും എനിയ്ക്കുണ്ട് എന്നു പറഞ്ഞ ആ വാക്കിന്റെ ആ ധൈര്യം എന്നെ ഇപ്പോഴും ബലപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

## കർത്താവിന്റെ വേലയെ ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ (യിരെ. 48:10)

ഇതു വായിക്കുന്നവർ തങ്ങളുടെ അഭിപ്രായങ്ങളെ എനിയ്ക്ക് എഴുതി അറിയിക്കണം. അതിൽ നിങ്ങളുടെ മേൽവിലാസം എഴുതിയാലും ശരി, വിലാസം എഴുതാതെ ഊമക്കത്തായാലും ശരി ഞാൻ അത് പ്രതീക്ഷിക്കുന്നു.

## സി.എസ്.ഐ. ദക്ഷിണകേരള മഹാഇടവക ബിഷപ്പും, ഇപ്പോൾ സി.എസ്.ഐ. മോഡറേറ്ററായി പദവിയിലുള്ള മോസ്റ്റ് റവ. ധർമ്മരാജ് റസാലം അവർകൾമേൽ പോലീസ് ക്രൈംബ്രാഞ്ച് എഫ്.ഐ.ആർ. ഫയൽ ചെയ്തു



ബിഷപ്പ് ധർമ്മരാജ് റസാലം അവർകളുടെയും അന്നത്തെ ഡയോസിസ് സെക്രട്ടറിയും ഭാരവാഹികളുമായ മൂന്നുപേരുടെയും (ബിഷപ്പ് സെക്രട്ടറി, Mr. D.L. Polson, Mr. D. ലോറൻസ്) പേരുകളിൽ സാമ്പത്തിക തട്ടിപ്പ് നടത്തിയതായി പരാതി ഉണ്ടായതിന്റെ പേരിൽ അന്വേഷണം നടത്തി. ഈ കേസ് തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ നിന്ന് കേരള ക്രൈംബ്രാഞ്ച് പോലീസ് എഫ്.ഐ.ആർ. ഫയൽ ചെയ്തു നടപടി എടുത്തു എന്ന് ടി.വി. വാർത്തയിൽ (ന്യൂസ് ചാനൽ 24) പരസ്യപ്പെടുത്തി എന്നുള്ള ദുഃഖവാർത്ത വായനക്കാരെ അറിയിക്കുന്നു.

ഇതു സംബന്ധിച്ച് പിഴയടക്കാനുള്ള പണം ഡയോസിസിൽ നിന്ന് എടുക്കാൻ ബിഷപ്പ് നിർബന്ധിച്ചപ്പോൾ ഇപ്പോഴുള്ള ദക്ഷിണകേരള സി.എസ്.ഐ. ഡയോസിസ് ട്രഷറർ അച്ചനും മറ്റു ഭാരവാഹികളും സമ്മതിച്ചില്ല. അതുകൊണ്ട് ട്രഷറർ അച്ചനെ ഡയോസിസ് ട്രഷറർ പദവിയിൽ നിന്ന് നീക്കിയതായി വാർത്തകൾ വന്നിരിക്കുന്നു. ട്രഷറർ അച്ചൻ ഡയോസിസ് ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. അവരെ ട്രഷറർ പദവിയിൽ നിന്ന് നീക്കുവാൻ ബിഷപ്പിന് അധികാരം ഇല്ല എന്ന് നിയമോപദേശകർ പറയുന്നു എന്ന വാർത്തകളും പറയപ്പെടുന്നു.

ഇത് എല്ലാ സി.എസ്.ഐ. ഡയോസിസ് ജനങ്ങൾക്കും യേശുക്രിസ്തുവിനും അപമാനം ഉണ്ടാക്കുന്ന വാർത്തയാണ്. ഇതിന് വേണ്ടി നാം എല്ലാവരും പ്രാർത്ഥിയ്ക്കണം.

## കൺവെൻഷൻ തീയതികൾക്കു മാറ്റം

2020–ാം വർഷത്തിൽ ബുക്ക് ചെയ്ത 33 കൺവെൻഷൻ തീയതികൾ മാറ്റി കൊടുത്തിരിക്കുന്നു. കേരളത്തിലും തമിഴ്നാട്ടിലും മറ്റു പല രാജ്യങ്ങളിലും കൊടുത്ത കൺവെൻഷൻ തീയതികളാണ് കൊറോണ വൈറസു കാരണം മാറ്റിയത്. പള്ളിയുടെ ഉള്ളിലും പൊതുമൈതാനത്തും നടത്താനിരുന്ന കൺവെൻഷൻ 2021–ാം വർഷവും നടത്താൻ കഴിയാതെ വരും എന്നു ഊഹിക്കുന്നു. ലോക്ഡൗൺ നീണ്ടുപോകാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കേരളത്തിൽ യോഗം നടത്താൻ സാധ്യതയുണ്ടെങ്കിൽ അച്ചൻമാർ എനിക്കു ഉടൻ തീയതി എഴുതി അറിയിക്കണം. തുടർന്ന് നാം എല്ലാവരും ചേർന്ന് നമ്മുടെ ദേശത്തെ ബാധിച്ചിരിക്കുന്ന പെരുമാരി രോഗത്തിന് കാരണമായ ദൈവകോപം മാറുവാൻ സഭയുടെ മാനസാന്തരത്തിനുവേണ്ടിയും സഭയുടെ അച്ചന്മാർ, ബിഷപ്പ് നമ്മുടെ ദേശത്തെ ഭരിക്കുന്ന എല്ലാ അധികാരികൾക്കു വേണ്ടിയും പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ. ●

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

**MAY 2020**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj**, 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.